**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി XII**

**(SUBJECT COMMITTEE XII)**

**ആരോഗ്യവും കുടുംബക്ഷേമവും**
**(HEALTH AND FAMILY WELFARE)**

# 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2025 ഒക്ടോബർ-7-ാം തീയതി സമർപ്പിച്ചത്.

Presented on 7th October 2025

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XII
# (ആരോഗ്യവും കുടുംബക്ഷേമവും)

2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ
ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

## ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

സബ്ജക്ട് കമ്മിറ്റി XII

ആരോഗ്യവും കുടുംബക്ഷേമവും
(2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീമതി വീണാ ജോർജ്,
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി

അംഗങ്ങൾ:

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള

നിയമസഭാ സെക്രട്ടേറിയറ്റ്

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി സുനിത. സി, അണ്ടർ സെക്രട്ടറി.

## അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥന, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥന, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയിന്മേലുള്ള 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ നാലാമത് റിപ്പോർട്ട് 2024 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനെയും ആയുഷ് വകുപ്പിനെയും സംബന്ധിച്ച 109 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും സമിതിക്ക് നാളിതുവരെ ലഭിച്ച നടപടിപത്രികകൾ 30-04-2025, 16-07-2025, --10-2025 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് അധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2024-2025) -ലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും രണ്ടാംഅധ്യായത്തിൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികയിലെ ശിപാർശ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2025 ഒക്ടോബർ 6-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വീണാ ജോർജ്,
ചെയർപേഴ്സൺ,
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2025 ഒക്ടോബർ 7

## റിപ്പോർട്ട്

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ആരോഗ്യ കുടുംബക്ഷേമം , ആയുഷ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി XII-ന്റെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

**സമിതിയുടെ ശിപാർശകളും സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും**

**ധനാഭ്യർത്ഥന നമ്പർ XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും**

**അധ്യായം-I**

**ആരോഗ്യ വകുപ്പ്**

2210-01-110-47 – **ദേശീയ ഡിപ്ലോമാറ്റ് ബോർഡ്**

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2.6155 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -1)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തിൽ അധിക തുകയായി 94,26,000/-രൂപ അനുവദിച്ചിരുന്നു.

2210-05-105-74-12 - **ജില്ലാ ആശുപത്രികളിൽ നോൺമെഡിക്കൽ ലെപ്രസി അസിസ്റ്റന്റുകളുടെയും ജനറൽ നേഴ്സുമാരുടെയും പരിശീലനം - സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും**

ബഡ്ജറ്റ് വിഹിതം : 1.0231 കോടി രൂപ (നോൺപ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 53.62 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -2)

**സർക്കാർ സ്വീകരിച്ച നടപടി**

24.03.2025 ലെ സ.ഉ. (സാധാ) നം. 2969/2025/ധന പ്രകാരം ബഡ്ജറ്റ് വിഹിതത്തിന് പുറമെ 1,09,87,000/- രൂപ അധികധനം അനുവദിച്ചിട്ടുണ്ട്.

2210-06-003-94-12 - **പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടി നഴ്സിംഗ് സ്കൂൾ, ശാസ്താംകോട്ട, കൊല്ലം - സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും**
ബഡ്ജറ്റ് വിഹിതം : 5.64 ലക്ഷം രൂപ (നോൺപ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 8.47 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -3)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക പര്യാപ്തമായിരുന്നു.

2210-06-101-19- - **ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്രാവിഷ്കൃതം 60 : 40)**

2210-06-101-19-01 - **ദേശീയ ആരോഗ്യ ദൗത്യം(കേന്ദ്രവിഹിതം)**

2210-06-101-19-02 - **ദേശീയ ആരോഗ്യ ദൗത്യം (സംസ്ഥാന വിഹിതം)**

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-06-101-19-01 - 547.8 കോടി രൂപ

2210-06-101-19-02 - 365.2 കോടി രൂപ

ബ്രാൻഡിംഗ് പ്രശ്നങ്ങൾ കാരണം നാളിതുവരെ അനുവദിക്കാത്ത 2023-24 സാമ്പത്തിക വർഷത്തെ കേന്ദ്രവിഹിതം 2024 മാർച്ച് മാസത്തോട് കൂടി അനുവദിക്കാൻ സാധ്യതയുള്ളതിനാൽ നടപ്പ് സാമ്പത്തികവർഷം 2210-06-101-19-01 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയും, സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ കേന്ദ്രവിഹിതത്തിനും സംസ്ഥാന വിഹിതത്തിനും മതിയായ തുക ഉണ്ടെന്ന് ഉറപ്പാക്കണമെന്നും SNA സംവിധാന പ്രകാരം കേന്ദ്രഫണ്ടും ആനുപാതികമായി സംസ്ഥാന വിഹിതവും 30 ദിവസത്തിനകം നാഷണൽ ഹെൽത്ത് മിഷന്റെ Single nodal account-ലേക്ക് കൈമാറേണ്ടതിനാൽ ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ തുക ഉറപ്പാക്കേണ്ടതുണ്ടെന്നും അല്ലാത്തപക്ഷം RBI യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള പലിശ സംസ്ഥാനം നല്കേണ്ടതാണെന്നുമുള്ള കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾ ഉള്ളതിനാൽ 2210-06-101-19-02 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയും അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരം മേൽ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികതുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-19-01 - 58.36 കോടി രൂപ

2210-06-101-19-02 - 379.38 കോടി രൂപ

(ഖണ്ഡിക - 4)

## സർക്കാർ സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം ദേശീയ ആരോഗ്യ മിഷന് സംസ്ഥാനം അനുവദിച്ച ബഡ്ജറ്റ് വിഹിതം താഴെ പറയുന്ന പ്രകാരമാണ്.

2210-06-101-19-01 – 547.8 കോടി രൂപ

2210-06-101-19-02 – 365.2 കോടി രൂപ

പ്രസ്തുത സാമ്പത്തിക വർഷം കേന്ദ്രം ദേശീയ ആരോഗ്യ മിഷന് കാഷ് ഗ്രാന്റ് ഇനത്തിൽ കേന്ദ്ര വിഹിതമായി അനുവദിച്ചത് 567.48 കോടി രൂപയാണ്. അതിൽ 467.48 കോടി രൂപ 2024-25 സാമ്പത്തിക വർഷം സംസ്ഥാനം ദേശീയ ആരോഗ്യ ദൗത്യത്തിന് അനുവദിച്ചു. ബാക്കി 100 കോടി രൂപ 2025-26 ബജറ്റ് വിഹിതത്തിൽ ഉൾ

പ്പെടുത്തി ആണ് അനുവദിച്ചത്. അതിനാൽ 2210-06-101-19-01 ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷം അധികതുക ആവശ്യമായി വന്നില്ല.

2210-06-101-19-02 എന്ന ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷം കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതമായി അനുവദിക്കേണ്ടിയിരുന്നത് 706.33 കോടി രൂപയായിരുന്നു. ഇതിൽ നിലവിലുള്ള ബജറ്റ് വിഹിതത്തിന് പുറമേ 59.63 കോടി രൂപയുടെ അധിക ധനാനുമതി ഉൾപ്പടെ 424.83 കോടി രൂപയാണ് 2024-25 സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി അനുവദിച്ചത്. ബാക്കി 281.5 കോടി രൂപയിൽ 66.67 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റിൽ അനുവദിച്ച നൽകിയിട്ടുണ്ട്. ബാക്കി 214.83 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2210-06-101-09 - **പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷൻ - (PM-ABHIM)(60% CSS)**

2210-06-101-09-01 - **കേന്ദ്ര വിഹിതം**

ബഡ്ജറ്റ് വിഹിതം : 37.5 കോടി രൂപ (പ്ലാൻ)

2024-25 സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ച പദ്ധതി അടങ്കൽ തുക 52.57 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷം കേന്ദ്രവിഹിതമായി ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 15.07 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -5)

## സർക്കാർ സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ PMABHIM -ന് കേന്ദ്ര വിഹിത ഇനത്തിൽ വകയിരുത്തിയത് 37.5 കോടി രൂപയാണ്. എന്നാൽ ഈ സാമ്പത്തിക വർഷം PMABHIM -ന് കേന്ദ്ര വിഹിതമായി അനുവദിച്ചത് 24.58 കോടി രൂപ മാത്രമാണ്. അതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

2210-06-101-09-02 - **പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷൻ -സംസ്ഥാന വിഹിതം**

ബഡ്ജറ്റ് വിഹിതം : 25 കോടി രൂപ (പ്ലാൻ)

പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാ സ്ട്രക്ചർ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 60:40 എന്ന കേന്ദ്ര /സംസ്ഥാന അനുപാതത്തിലാണ് പ്രവർത്തിക്കുന്നത്. 2024-25 സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ച പദ്ധതി അടങ്കൽ തുകയായ 52.57 കോടി രൂപയ്ക്ക് ആനുപാതികമായി സംസ്ഥാന വിഹിതം ഇനത്തിൽ 35.04 കോടി രൂപ ലഭിക്കേണ്ടതുണ്ട്. നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന വിഹിതം ഇനത്തിൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -6)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 വർഷം സംസ്ഥാന ബജറ്റിൽ PMABHIM ന് സംസ്ഥാന വിഹിത ഇനത്തിൽ വകയിരുത്തിയത് 25 കോടി രൂപയാണ്. കേന്ദ്രം ഈ സാമ്പത്തിക വർഷം PMABHIM -ന് കേന്ദ്ര വിഹിതമായി അനുവദിച്ചത് 24.58 കോടി രൂപ മാത്രമാണ്. ഇതിന് ആനുപാതികമായി സംസ്ഥാന വിഹിതമായി വേണ്ടി വന്നത് 16.38 കോടി രൂപയായിരുന്നു. അതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

2210-06-112-98-34-3 – **ആശാവർക്കർമാർക്കുള്ള അലവൻസ് -മറ്റ് ചെലവുകൾ- മറ്റിനം**

ബഡ്ജറ്റ് വിഹിതം : 188.4744 കോടി രൂപ (നോൺ പ്ലാൻ)

ആശാ വർക്കർമാർക്കുള്ള അലവൻസ് 6000 രൂപയിൽ നിന്നും 7,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 30.9756 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-7)

**സർക്കാർ സ്വീകരിച്ച നടപടി**

01.02.2025 തീയതിയിലെ സ.ഉ (സാധാ) നം.960/2025/ധന പ്രകാരം ബഡ്ജറ്റ് വിഹിതത്തിനു പുറമെ 21,62,30,000/- രൂപ അധികധനമായി അനുവദിച്ചിട്ടുണ്ട്.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

2210-01-110-98-24 - **അലോപ്പതി മെഡിക്കൽ കോളേജ് ആശുപത്രി - സാധനസാമഗ്രികൾ**

ബഡ്ജറ്റ് വിഹിതം : 77.4 ലക്ഷം രൂപ (നോൺ പ്ലാൻ)

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അത്യാവശ്യ മരുന്നുകൾ , സർജറി ഉപകരണങ്ങൾ, രോഗികൾക്ക് വിതരണം ചെയ്യാനുള്ള പോഷകാഹാരങ്ങൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 72.6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 9)

**സർക്കാർ സ്വീകരിച്ച നടപടി**

അധിക ധനാനുമതിയ്ക്കായുള്ള പ്രപ്പോസൽ 25.03.2025 ൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല. പ്രസ്തുത കുടിശ്ശിക തുക 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും വഹിക്കുന്നതിന് 10.04.2025 തീയതിയിലെ കത്ത് പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു.

2210-01-110-96 – **അലോപ്പതി, മെഡിക്കൽ കോളേജ് ആശുപത്രി,കോട്ടയം**

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-01-110-96-05-2 - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - 5.4813 കോടി രൂപ

2210-01-110-96-24 – സാധനസാമഗ്രികൾ - 28.11 ലക്ഷം രൂപ

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ , സർ

ജറി ഉപകരണങ്ങൾ, കൺസ്യൂമെബിൾസ്, രോഗികൾക്ക് വിതരണം ചെയ്യാനുള്ള പോഷകാഹാരങ്ങൾ എന്നിവ വാങ്ങുന്നതിനും വൈദ്യുത ചാർജ്ജ് ചെലവ് വഹിക്കുന്നതിനും മേൽ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകങ്ങളിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-96-05-2 - 3.9987 കോടി രൂപ

2210-01-110-96-24- 86.89 ലക്ഷം രൂപ

(ഖണ്ഡിക 10)

## സർക്കാർ സ്വീകരിച്ച നടപടി

അധിക ധനാനുമതിയ്ക്കായി പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല.

1. സർക്കാർ ഉത്തരവ് 06.03.2025 ലെ സ.ഉ (കൈ) 27/2025/ധന പ്രകാരം സർക്കാർ വകുപ്പുകളുടെ 31.12.2024 വരെയുള്ള ഇലക്ട്രിസിറ്റി കുടിശ്ശിക net off ചെയ്ത് ഉത്തരവായിട്ടുള്ളതിനാൽ ടി ശീർഷകത്തിലെ കുടിശ്ശിക പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ 24.03.2025 തീയതിയിൽ 51/കെ1/2025/ആ.കു.വ പ്രകാരം കത്ത് നൽകിയിരുന്നു. എന്നാൽ സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ ഇത് സംബന്ധിച്ച തുടർ പ്രൊപ്പോസലുകൾ ഒന്നും സർക്കാരിൽ ലഭ്യമായിരുന്നില്ല.

2. ബജറ്റ് വിഹിതം വിനിയോഗിച്ച അധിക തുക ആവശ്യമായി വന്നില്ല.

2210-01-110-94-05-2 –**അലോപ്പതി മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ- ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്**

ബഡ്ജറ്റ് വിഹിതം : 4.4022 കോടി രൂപ (നോൺ പ്ലാൻ)

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയതായി Digital Fluoroscopy, CT Scan, Digital X-Ray, MRI തുടങ്ങിയ മെഷീനുകൾ സ്ഥാപിച്ചത് കാരണം വൈദ്യുതി ചാർജ്ജ്

കൂട്ടുമെന്നുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 1.0721 കോടി രൂപ അധികമായി പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

**സർക്കാർ സ്വീകരിച്ച നടപടി**

അധിക ധനാനുമതിയ്ക്കായി പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല.

സർക്കാർ ഉത്തരവ് 06.03.2025 ലെ സ.ഉ (കൈ) 27/2025/ധന പ്രകാരം സർക്കാർ വകുപ്പുകളുടെ 31.12.2024 വരെയുള്ള ഇലക്ട്രിസിറ്റി കുടിശ്ശിക net off ചെയ്യ് ഉത്തരവായിട്ടുള്ളതിനാൽ ടി ശീർഷകത്തിലെ കുടിശ്ശിക പ്രസ്തുത ഉത്തരവിൽ ഉൾ പ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ 22.03.2025 തീയതിയിൽ 53/ കെ1/2025/ആ.കു.വ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ ഇത് സംബന്ധിച്ച തുടർ പ്രൊപ്പോസലുകൾ ഒന്നും സർക്കാരിൽ ലഭ്യമായിരുന്നില്ല.

2210-01-110-78 – **മെഡിക്കൽ കോളേജ് ആശുപത്രികളിലും മറ്റ് ആശുപത്രികളിലും മെഡിക്കൽ ഓക്സിജനും ലിക്വിഡ് മെഡിക്കൽ ഓക്സിജനും വിതരണം**

ബഡ്ജറ്റ് വിഹിതം : 7.9828 കോടി രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 7.0618 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

**സർക്കാർ സ്വീകരിച്ച നടപടി**

സർക്കാർ ഉത്തരവ് G.O(Rt)No.9532/24/Fin dtd 24/12/2024 പ്രകാരം 3,35,72,000/- രൂപയുടെയും G.O(Rt) No. 1851/25/Fin dtd 27.02.2025 പ്രകാരം 124,93,000/-രൂപയുടെയും അധിക ധനാനുമതി ലഭിച്ചിരുന്നു.

ടി കുടിശ്ശിക തീർപ്പാക്കുന്നതിനായി 7,44,17,000/-രൂപയ്ക്ക് അധിക ധനാനുമതിയ്ക്കായി പ്രപ്പൊസൽ (A12256/2024/DME dtd. 07.03.2025) ലഭ്യമാക്കിയിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല. ടി കുടിശ്ശിക 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും വഹിക്കുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു.

2210-01-110-61-24 –**എസ്.എ.റ്റി.ആശുപത്രി, തിരുവനന്തപുരം - സാധന സാമഗ്രികൾ**

ബഡ്ജറ്റ് വിഹിതം : 56.35 ലക്ഷം രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ, സർജറി ഇനങ്ങൾ, കൺസ്യൂമെബിൾസ്, രോഗികൾക്ക് വിതരണം ചെയ്യാനുള്ള പോഷകാഹാര സാധനങ്ങൾ എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 23.65 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം വിനിയോഗിച്ചു. അധിക തുക ആവശ്യമായി വന്നില്ല.

2210-01-110-60-05-2 – **ചെസ്റ്റ് ആശുപത്രി, കോഴിക്കോട് - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്**

ബഡ്ജറ്റ് വിഹിതം : 6.36 ലക്ഷം രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 24.36 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം

വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## സർക്കാർ സ്വീകരിച്ച നടപടി

1. സർക്കാർ ഉത്തരവ് G.O(Rt)No.6876/24/Fin dtd 09.09.2024 പ്രകാരം 11,93,000/-രൂപയുടെയും G.O(Rt) No. 2135/25/Fin dtd 06.03.2025 പ്രകാരം 12,08,000/-രൂപയുടെ അധിക ധനാനുമതി ലഭിച്ചിരുന്നു. കുടിശ്ശിക തീർപ്പാക്കുന്നതിനായി 8,29,000/-രൂപയ്ക്ക് അധിക ധനാനുമതിയ്ക്കായി പ്രൊപ്പോസൽ 03.02.2025 ലഭ്യമാക്കിയിരുന്നു. എന്നാൽ സർക്കാർ ഉത്തരവ് 06.03.2025 ലെ സ.ഉ (കൈ) 27/2025/ധന പ്രകാരം സർക്കാർ വകുപ്പുകളുടെ 31.12.2024 വരെയുള്ള ഇലക്ട്രിസിറ്റി കുടിശ്ശിക net off ചെയ്ത് ഉത്തരവായിട്ടുള്ളതിനാൽ ടി ശീർഷകത്തിലെ കുടിശ്ശിക പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നു പരിശോധിക്കാൻ സർക്കാർ തീരുമാനം കൈകൊണ്ടിരുന്നു. എന്നാൽ സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച തുടർ പ്രൊപ്പോസലുകൾ ഒന്നും സർക്കാരിൽ ലഭ്യമായിരുന്നില്ല.

2210-03-101-99 – **ആരോഗ്യ യൂണിറ്റ് പാങ്ങപ്പാറ, തിരുവനന്തപുരം**

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-03-101-99-05-1-ഓഫീസ് ചെലവുകൾ- വെള്ളക്കരം - 16,000 രൂപ

2210-03-101-99-05-2-ഓഫീസ് ചെലവുകൾ- വൈദ്യുതിചെലവ് - 1.05 ലക്ഷം രൂപ

നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം പ്രസ്തുത ശീർഷകങ്ങളിലേക്ക് തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-101-99-05-1 - 2 ലക്ഷം രൂപ

2210-03-101-99-05-2- 2.95 ലക്ഷം രൂപ

(ഖണ്ഡിക 15)

**സർക്കാർ സ്വീകരിച്ച നടപടി**

1, 2 A1/791/2025 dtd. 02/02/2025 ന് അധിക തുകയ്ക്കായി സർക്കാരിൽ കത്ത് സമർപ്പിച്ചിരുന്നു. അനുബന്ധ രേഖകളുടെ പകർപ്പ് ലഭ്യമാക്കുന്നതിനായി 55/K1/25 dtd. 26.02.2025 കത്ത് നൽകിയിരുന്നെങ്കിലും സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ ഇതുസംബന്ധിച്ച തുടർ പ്രൊപ്പോസലുകൾ ഒന്നും സർക്കാരിൽ ലഭ്യമായിരുന്നില്ല.

2210-03-101-92-05-2 – **ആരോഗ്യകേന്ദ്രം, വക്കം – ഓഫീസ് ചെലവുകൾ – വൈദ്യുതി ചെലവ്**

ബഡ്ജറ്റ് വിഹിതം : 69000 രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.51 ലക്ഷം രൂപ അധികമായി പ്രസ്തുത ശീർഷകത്തിലേക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം വിനിയോഗിച്ചു. അധിക തുക ആവശ്യമായി വന്നില്ല.

2210-05-001-99 –**മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-001-99-05-3 - ടെലിഫോൺ ചെലവ് : 1.74 ലക്ഷം രൂപ

2210-05-001-99-05-34-3 - മറ്റു ചെലവുകൾ - മറ്റിനം - 12.85 ലക്ഷം രൂപ

കോന്നി, ഇടുക്കി, മഞ്ചേരി, കാസർഗോഡ് മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും ബില്ലുകൾ പരിശോധിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങൾക്ക് വേതനം നൽകുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്ഥാപനങ്ങളിൽ ഇ -ഹെൽത്ത്, വീഡിയോ കോൺഫറൻസിംഗ് എന്നീ സംവിധാനങ്ങൾക്കുള്ള ഇന്റർനെറ്റ് സേവനം ലഭ്യമാക്കേണ്ടുന്ന

ചെലവുകൾക്കുമായി മേൽ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-001-99-05-3 – 5.95 ലക്ഷം രൂപ

2210-05-001-99-05-34-3 - 16.2 ലക്ഷം രൂപ

(ഖണ്ഡിക 17)

## സർക്കാർ സ്വീകരിച്ച നടപടി

1. സർക്കാർ ഉത്തരവ് G.O(Rt)No. 8108/24/Fin dtd. 01.11.2024 പ്രകാരം 1,46,000/- രൂപയുടെയും G.O(Rt) No. 688/25/Fin dtd. 24.01.2025 പ്രകാരം 1,67,000/-രൂപയുടെയും അധിക ധനാനുമതി ലഭിച്ചിരുന്നു. കുടിശ്ശിക തീർപ്പാക്കുന്നതിനായി 7,43,000/-രൂപ അധിക ധനാനുമതിയ്ക്കായി പ്രൊപ്പോസൽ (A1/5725/2024/DME dtd. 25.03.2025) ലഭ്യമാക്കിയിരുന്നുവെങ്കിലും ചെലവുകൾ നടപ്പു സാമ്പത്തിക വർഷത്തെ (2025-26) ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതാണ് എന്ന് മെഡിക്കൽ വിദ്യഭ്യാസ ഡയറക്ടറെ 10.04.2025 തീയതിയിലെ സർക്കാർ കത്ത് പ്രകാരം അറിയിച്ചിരുന്നു.

2. സർക്കാർ ഉത്തരവ് G.O(Rt)No. 1266/25/Fin dtd 11.02.2025 പ്രകാരം 12,47,000/-രൂപയ്ക്ക് അധിക ധനാനുമതി ലഭിച്ചിരുന്നു.

2210-05-001-91 –ഇന്ത്യൻ മെഡിക്കൽ കൗൺസിലിന് പരിശോധനാ ഫീസ് അടയ്ക്കൽ

ബഡ്ജറ്റ് വിഹിതം : 49.66 ലക്ഷം രൂപ (നോൺ പ്ലാൻ)

മെഡിക്കൽ കോളേജുകളിൽ പി .ജി. സീറ്റുകൾ വർദ്ധിപ്പിച്ചതിനാലും അഞ്ച് പുതിയ നേഴ്സിംഗ് കോളേജുകൾ ആരംഭിച്ചതിനാലും ഇന്ത്യൻ മെഡിക്കൽ കൗൺസിൽ , ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ, കേരള ആരോഗ്യ സർവ്വകലാശാല എന്നിവിടങ്ങളിൽ മുൻ വർഷങ്ങളേക്കാൾ അധിക തുക പരിശോധനാ ഫീസ് ഇനത്തിൽ ഒടുക്കേണ്ടതുള്ളതുകൊണ്ട് ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണ് .

ആയതിനാൽ അധികമായി 30 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -18)

**സർക്കാർ സ്വീകരിച്ച നടപടി**

സർക്കാർ ഉത്തരവ് G.O(Rt)No.79/25/Fin dtd. 21.01.2025 പ്രകാരം 1,70,50,000/- രൂപയുടെ അധിക ധനാനുമതി ലഭിച്ചിരുന്നു.

2210-05-001-84 –**കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്കുള്ള അഫിലിയേഷൻ-ഫീസ് അടയ്ക്കൽ**

ബഡ്ജറ്റ് വിഹിതം : 90 ലക്ഷം രൂപ (നോൺ പ്ലാൻ)

മെഡിക്കൽ കോളേജുകളിൽ പി .ജി. സീറ്റുകൾ വർദ്ധിപ്പിച്ചതിനാലും അഞ്ച് പുതിയ നേഴ്സിംഗ് കോളേജുകൾ ആരംഭിച്ചതിനാലും ഇന്ത്യൻ മെഡിക്കൽ കൗൺസിൽ , ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ, കേരള ആരോഗ്യ സർവ്വകലാശാല എന്നിവിടങ്ങളിൽ മുൻ വർഷങ്ങളേക്കാൾ അധിക തുക അഫിലിയേഷൻ ഫീസ് ഇനത്തിൽ ഒടുക്കേണ്ടതുള്ളതുകൊണ്ട് ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ അധികമായി 40 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

**സർക്കാർ സ്വീകരിച്ച നടപടി**

സർക്കാർ ഉത്തരവ് G.O(Rt)No. 1095/25/Fin dtd. 05.02.2025 പ്രകാരം 1,77,000/- രൂപയ്ക്ക് അധിക ധനാനുമതി ലഭിച്ചിരുന്നു.

2210-05-105-98-34-3 –**അലോപതി മെഡിക്കൽ കോളേജ് , തിരുവനന്തപുരം - മറ്റ് ചെലവുകൾ - മറ്റിനം**

ബഡ്ജറ്റ് വിഹിതം : 3.37 കോടി രൂപ (പ്ലാൻ)

തിരുവനന്തപുരം അലോപ്പതി മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി , മൾട്ടി

സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസിനായി ബഡ്ജറ്റിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേയ്ക്ക് അധികമായി 18.63 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 20)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തിൽ ആകെ 12,91,68,000/-രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം മുഖേന അനുവദിച്ചിരുന്നു. ആയതിൽ 5,12,18,605/-രൂപ ഫെസിലിറ്റി മാനേജ്മെന്റ് സർവീസിന് നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ 7,70,14,000/- രൂപയ്ക്ക് WAMS ക്ലിയറൻസ് ലഭിച്ചിരുന്നില്ല.

2210-05-105-94-05-2- **അലോപ്പതി മെഡിക്കൽ കോളേജ് , തൃശ്ശൂർ- ഓഫീസ് ചെലവുകൾ – വൈദ്യുതി ചെലവ്**

ബഡ്ജറ്റ് വിഹിതം : 55.79 ലക്ഷം രൂപ (നോൺ പ്ലാൻ)

തൃശ്ശൂർ മെഡിക്കൽ കോളേജിലെ വൈദ്യുതി ചെലവിനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 11.01 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിലേയ്ക്ക് അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

**സർക്കാർ സ്വീകരിച്ച നടപടി**

സർക്കാർ ഉത്തരവ് G.O(Rt)No. 1539/25/Fin dtd. 18.02.2025 പ്രകാരം 5,08,000/- രൂപയ്ക്ക് അധിക ധനാനുമതി ലഭിച്ചിരുന്നു.

2210-05-105-88-05-2- **അലോപ്പതി മെഡിക്കൽ കോളേജ് കാസർഗോഡ് – ഓഫീസ് ചെലവുകൾ – വൈദ്യുതി ചെലവ്**

ബഡ്ജറ്റ് വിഹിതം : 4.82 ലക്ഷം രൂപ (നോൺ പ്ലാൻ)

കാസർഗോഡ് മെഡിക്കൽ കോളേജിൽ പൂർണ്ണതോതിൽ പ്രവർത്തനം

ആരംഭിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ മേൽ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ് . ആയതിനാൽ 3 ലക്ഷം രൂപ അധികമായി പ്രസ്തുത ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപനധാനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 22)

**സർക്കാർ സ്വീകരിച്ച നടപടി**

സർക്കാർ ഉത്തരവ് G.O(Rt)No. 6993/24/Fin dtd. 13.09.2024 പ്രകാരം 16,89,000/- രൂപയ്ക്ക് അധിക ധനാനുമതി നൽകിയിരുന്നു.

2210-05-105-80- **സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ**

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-105-80-05-1- ഓഫീസ് ചെലവുകൾ - വെള്ളക്കരം: 55,000/- രൂപ

2210-05-105-80-05-2- ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്: 63,000/- രൂപ

2210-05-105-80-05-3- ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്: 26,000/- രൂപ

2210-05-105-80-12- സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും:9.25 കോടി രൂപ

23. നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-80-05-1 –2.65 ലക്ഷം രൂപ

2210-05-105-80-05-2 - 6.4407 കോടി രൂപ

2210-05-105-80-05-3 –7.75 ലക്ഷം രൂപ

2210-05-105-80-12 –3 കോടി രൂപ

(ഖണ്ഡിക 23)

**സർക്കാർ സ്വീകരിച്ച നടപടി**

ഉപധനാഭ്യർത്ഥന വഴി അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരിന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല.

1, 2, 3 സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു.

4. സർക്കാർ ഉത്തരവ് G.O(Rt)No. 9126/24/Fin dtd. 09.12.2024 പ്രകാരം 3,39,13,000/- രൂപയും G.O(Rt)No. 2645/25/Fin dtd. 19.03.2025 പ്രകാരം 47,68,000/- രൂപയും അധിക ധനാനുമതി ലഭിച്ചിരുന്നു.

2210-05-105-71 – **സർക്കാർ മെഡിക്കൽ കോളേജ്, വയനാട്**

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-105-71-05-2- ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്: 35,000 രൂപ

2210-05-105-71-05-3- ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്: 25,000 രൂപ

2210-05-105-71-24- സാധനസാമഗ്രികൾ :1000 രൂപ

വയനാട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടത്തിചികിത്സയിലുള്ള രോഗികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായും മെഡിക്കൽ കോളേജ് ഓഫീസ്, ആശുപത്രി എന്നിവിടങ്ങളിലെ വൈദ്യുതി, ടെലിഫോൺ ചെലവ് എന്നിവയ്ക്കായും മേൽ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക പ്രസ്തുത ശീർഷകങ്ങളിലേക്ക് ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-71-05-2 –93.76 ലക്ഷം രൂപ

2210-05-105-71-05-3 - 84,000 രൂപ

2210-05-105-71-24 - 65.06 ലക്ഷം രൂപ

(ഖണ്ഡിക -24)

**സർക്കാർ സ്വീകരിച്ച നടപടി**

1. സർക്കാർ ഉത്തരവ് G.O(Rt)No. 894/25/Fin dtd. 31.01.2025 പ്രകാരം 8,000/- അധിക ധനാനുമതി ലഭിച്ചിരുന്നു.

2. ബജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യമായി വന്നില്ല.

3. സർക്കാർ ഉത്തരവ് G.O(Rt)No. 6708/24/Fin dtd. 03.09.2024 പ്രകാരം 15,75,000/- അധിക ധനാനുമതി ലഭിച്ചിരുന്നു. കുടിശ്ശിക പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നു പരിശോധിക്കാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിരുന്നു . എന്നാൽ സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച തുടർ പ്രൊപ്പോസലുകൾ ഒന്നും സർക്കാരിൽ ലഭ്യമായിരുന്നില്ല.

2210-05-105-62 – **ദേശീയ പാതയ്ക്ക് സമീപമുള്ളസർക്കാർആശുപത്രികളിലെ ട്രോമാകെയർ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള കാര്യക്ഷമതാ പരിപോഷണം (60% കേന്ദ്ര സഹായം)**

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം (പ്ലാൻ)

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ട്രോമാ കെയർ വിഭാഗത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിനാൽ മേൽ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ് . ആയതിനാൽ മേൽ ശീർഷകത്തിൽ അധികമായി 4.44 കോടി രൂപ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 25)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴിയോ ധനപുനർ വിനിയോഗം വഴിയോ അധികമായി തുക ഒന്നും തന്നെ അനുവദിച്ചു നൽകിയിട്ടില്ല.

2210-05-105-54-12- **നഴ്സിംഗ് കോളേജ്, എറണാകുളം - സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും**

ബഡ്ജറ്റ് വിഹിതം : 91.21 ലക്ഷം രൂപ (നോൺ പ്ലാൻ)

26. നടപ്പു സാമ്പത്തിക വർഷം എറണാകുളം നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് & സ്റ്റൈപെൻഡ് നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 82.82 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി

ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -26)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ ഉത്തരവ് G.O(Rt)No. 7840/24/Fin dtd. 22.10.2024 പ്രകാരം 31,24,000/- രൂപയും G.O(Rt)No. 337/25/Fin dtd. 12.01.2025 പ്രകാരം 41,79,000/- രൂപയും അധിക ധനാനുമതി ലഭിച്ചിരുന്നു.

2210-05-105-53-സർക്കാർ മെഡിക്കൽ കോളേജ്, പാരിപ്പള്ളി, കൊല്ലം

ബഡ്ജറ്റ് വിഹിതം :

2210-05-105-53-12- സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും : 1.4799 കോടി രൂപ (നോൺ പ്ലാൻ)

2210-05-105-53-17- ചെറുകിട മരാമത്ത് പണികൾ:- 1.04 കോടി രൂപ (പ്ലാൻ)

2210-05-105-53-34-3- മറ്റ് ചെലവുകൾ - മറ്റിനം:- 6.57 കോടി രൂപ (പ്ലാൻ)

കൊല്ലം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും അനുവദിക്കുന്നതിനും സ്റ്റേറ്റ് പി.ഡബ്ല്യൂ.ഡി (സിവിൽ & ഇലക്ട്രിക്കൽ) സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും മെഡിക്കൽ കോളേജിലെ സെക്യൂരിറ്റി സർവ്വീസ്, ഹൗസ് കീപ്പിംഗ് സർവ്വീസ്, ഫെസിലിറ്റി മാനേജ് മെന്റ് സർവ്വീസ് എന്നീ മേഖലയിൽ സേവനം അനുഷ്ഠിക്കുന്ന കരാർ ജീവനകാർക്ക് വേതനം അനുവദിക്കുന്നതിനും സെൻട്രൽ ലൈബ്രറിയിലേക്കാവശ്യമായ മെഡിക്കൽ ബുക്സ്, ജേർണൽ സ് എന്നിവ വാങ്ങുന്നതിനും നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള അധിക തുക പ്രസ്തുത ശീർഷകങ്ങളിലേക്ക് ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-53-12 – 3.0402 കോടി രൂപ

2210-05-105-53-17- 2.6825 കോടി രൂപ

2210-05-105-53-34-3 –6.8768 കോടി രൂപ

(ഖണ്ഡിക – 27

<u>സർക്കാർ സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ (കെ)വകുപ്പ്)</u>

സർക്കാർ ഉത്തരവ് G.O(Rt)No. 9095/24/Fin dtd. 07.12.2024 പ്രകാരം 93,47,000/- രൂപയും G.O(Rt)No. 6311/24/Fin dtd. 17.08.2024 പ്രകാരം 1,68,67,000/-രൂപയും G.O(Rt) No.1179/25/Fin dtd. 07.02.2025 പ്രകാരം 71,33,000/- രൂപയും അധിക ധനാനുമതി ലഭിച്ചിരുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ (പി)വകുപ്പ്)</u>

അധിക ധനാനുമതിയായി ആകെ 1,88,15,000/- രൂപ അനുവദിച്ചിരുന്നു. ആയത് മുഴുവൻ കൊല്ലം മെഡിക്കൽ കോളേജിലെ സെക്യൂരിറ്റി സർവീസ്, ഹൗസ് കീപ്പിംഗ് സർവീസ്, ഫെസിലിറ്റി മാനേജ്മെന്റ് സർവീസ് എന്നിവയിൽ സേവനം അനുഷ്ഠിക്കുന്ന കരാർ ജീവനക്കാർക്ക് വേതനം നൽകുന്നതിന് വിനിയോഗിച്ചിട്ടുണ്ട്.

2210-05-105-48-34-3- <u>സർക്കാർ ദന്തൽ കോളേജ്, ആലപ്പുഴ-</u>
<u>മറ്റു ചെലവുകൾ - മറ്റിനം</u>

ബഡ്ജറ്റ് വിഹിതം : 26 ലക്ഷം രൂപ (പ്ലാൻ)

ആലപ്പുഴ ഡെന്റൽ കോളേജിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ <u>14.74 കോടി രൂപ അധികമായി ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക –28)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ആലപ്പുഴ ഡെന്റൽ കോളേജിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ച 26 ലക്ഷം രൂപയ്ക്ക് പുറമേ Rs.4,54,78,692/- രൂപ ധന പുനർവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് ആലപ്പുഴ ഡെന്റൽ കോളേജ് കരാറുകാർക്ക്

കുടിശ്ശികയായ തുക മുഴുവൻ കൊടുത്തു തീർത്തിട്ടുണ്ട്.

2210-05-105-47 - **സർക്കാർ മെഡിക്കൽ കോളേജ്, കൊച്ചി, എറണാകുളം**

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-105-47-05-1 – ഓഫീസ് ചെലവുകൾ - വെള്ളക്കരം - 79.38 ലക്ഷം രൂപ

2210-05-105-47-05-2- ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - 2.4498 കോടി രൂപ

നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് അധിക തുക ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-47-05-1 – 64.62 ലക്ഷം രൂപ

2210-05-105-47-05-2- 1.7502 കോടി രൂപ

(ഖണ്ഡിക- 29)

**സർക്കാർ സ്വീകരിച്ച നടപടി**

1. അധിക ധനാനുമതിയ്ക്കായി പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ 06.03.2025 തീയതിയിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ ചെലവുകൾ നടപ്പു സാമ്പത്തിക വർഷത്തെ (2025-26) ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതാണ് എന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ 27.06.2025 തീയതിയിലെ സർക്കാർ കത്ത് പ്രകാരം അറിയിച്ചിരുന്നു.

2. സർക്കാർ ഉത്തരവ് G.O(Rt)No. 9521/24/Fin dtd. 24.12.2024 പ്രകാരം 1,15,08,000/- അധിക ധനാനുമതി ലഭിച്ചിരുന്നു.

2210-05-105-45 - **ദന്തൽ കോളേജ്, തൃശ്ശൂർ**

ബഡ്ജറ്റ് വിഹിതം :

2210-05-105-45-05-2- ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - 1.13 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-05-105-45-12 - സ്കോളർഷിപ്പുകളും സ്റ്റൈപെന്റുകളും - 82.65 ലക്ഷം

രൂപ (നോൺ പ്ലാൻ)

2210-05-105-45-34-3 - മറ്റ് ചെലവുകൾ - മറ്റിനം - 26 ലക്ഷം രൂപ (പ്ലാൻ)

തൃശ്ശൂർ ദന്തൽ കോളേജിലെ ഹൗസ് സർജന്മാർക്ക് സ്റ്റൈപെന്റ് ഇനത്തിലും , ദന്തൽ കോളേജിലെ വൈദ്യുതി ചെലവ് ഇനത്തിലും , കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ ചെലവ് ഇനത്തിലും മേൽ ശീർഷകങ്ങളിലേക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-45-05-2- 16.87 ലക്ഷം രൂപ

2210-05-105-45-12 - 73.35 ലക്ഷം രൂപ

2210-05-105-45-34-3 - 20 കോടി രൂപ

(ഖണ്ഡിക- 30)

## സർക്കാർ സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ (കെ)വകുപ്പ്)

1. ഉപധനാഭ്യർത്ഥന വഴി അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക ലഭിച്ചിരുന്നില്ല. അധിക ധനാനുമതിയ്ക്കായി പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല.

സർക്കാർ ഉത്തരവ് 06.03.2025 ലെ സ.ഉ (കൈ) 27/2025/ധന പ്രകാരം സർക്കാർ വകുപ്പുകളുടെ 31.12.2024 വരെയുള്ള ഇലക്ട്രിസിറ്റി കുടിശ്ശിക net off ചെയ്ത് ഉത്തരവായിട്ടുള്ളതിനാൽ ടി ശീർഷകത്തിലെ കുടിശ്ശിക പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ 01.04.2025 തീയതിയിൽ 10/കെ1/2025/ആ.കു.വ പ്രകാരം കത്ത് നൽകിയിരുന്നു.

2. സർക്കാർ ഉത്തരവ് G.O(Rt)No. 9409/24/Fin dtd. 19.12.2024 പ്രകാരം 62,38,000/- രൂപ അധിക ധനാനുമതി ലഭിച്ചിരുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ (പി)വകുപ്പ്)

2024-25 സാമ്പത്തിക വർഷത്തിൽ 97,22,334/-രൂപ അധിക ധനാനുമതിയായും, 2,03,14,561/-രൂപ ധനപുനർവിനിയോഗം മുഖേനയും, 80451/-രൂപ അധിക ധനാനുമതിയായും അനുവദിച്ചിരുന്നു. ടി തുക കരാറുകാരന്റെ കുടിശ്ശിക തുക തീർപ്പാക്കുന്നതിനായി വിനിയോഗിച്ചരുന്നു.

2210-05-105-42 – <u>നഴ്സിംഗ് കോളേജ്, തിരുവനന്തപുരം</u>

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-05-105-42-24 – സാധന സാമഗ്രികൾ -5 ലക്ഷം രൂപ

2210-05-105-42-34-3 - മറ്റ് ചെലവുകൾ-മറ്റിനം-20 ലക്ഷം രൂപ

തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ ലാബ് ഐറ്റംസ്, പഠന വസ്തുക്കൾ എന്നിവ വാങ്ങുന്നതിനും നഴ്സിംഗ് വിദ്യാർത്ഥികൾക്കുള്ള ബുക്ക് സെർവർ , കംപ്യൂട്ടർ ലൈബ്രറിക്ക് വേണ്ട എ.സി., എൽ.സി.ഡി. പ്രോജക്ടുകൾ എന്നിവ വാങ്ങുന്നതിനും നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിൽ <u>ചുവടെ ചേർക്കും പ്രകാരം പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് അധിക തുക ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-05-105-42-24 - 5 ലക്ഷം രൂപ

2210-05-105-42-34-3 - 60 ലക്ഷം രൂപ

(ഖണ്ഡിക – 31)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷത്തിൽ പ്ലാൻ ബഡ്ജറ്റ് വിഹിതമായി 2210-05-105-42-24 ശീർഷകത്തിൽ 5,00,000/- രൂപ അനുവദിച്ചിരുന്നതിനാൽ 1,90,018/- രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക തുക അനുവദിച്ചിട്ടില്ല.

2024-25 സാമ്പത്തികവർഷത്തിൽ 2210-05-105-42-34-3 ശീർഷകത്തിൽ തിരുവനന്തപുരം ബഡ്ജറ്റ് വിഹിതമായി 20,00,000/-അനുവദിച്ചിരുന്നതിൽ 15,12,297/- രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക തുക അനുവദിച്ചിട്ടില്ല.

2210-05-105-42-17 –**നഴ്സിംഗ് കോളേജ്, തിരുവനന്തപുരം – മൈനർ വർക്ക്സ്**

ബഡ്ജറ്റ് വിഹിതം : ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിലെ അഡ്മിനിസ്ട്രേറ്റീവ്, അക്കാഡമിക്ക്, പി.ജി. & ജി.എൻ.എം. ബ്ലോക്ക് കെട്ടിടങ്ങളുടെ പെയിന്റിംഗ് പ്രവൃത്തികളുടെ ചെലവിനത്തിൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 2210-05-105-42-17 – മൈനർ വർക്ക്സ് എന്ന പ്ലാൻ ശീർഷകം പുന:സ്ഥാപിച്ച് പ്രസ്തുത ശീർഷകത്തിലേയ്ക്ക് 70 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 32)

**സർക്കാർ സ്വീകരിച്ച നടപടി**

തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിനു 2024-25 സാമ്പത്തിക വർഷത്തിൽ ചെറുകിട മരാമത്ത് പണികൾക്കായി തുക വകയിരുത്തിയിട്ടില്ല. അധിക തുകയും അനുവദിച്ചിരുന്നില്ല.

2210-05-105-32-12 – **അലോപ്പതി മെഡിക്കൽ കോളേജ്, മഞ്ചേരി- സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും**

ബഡ്ജറ്റ് വിഹിതം : 3.231 കോടി രൂപ (നോൺ പ്ലാൻ)

മഞ്ചേരി മെഡിക്കൽ കോളേജിലെ മെഡിക്കൽ, പി.ജി. വിദ്യാർത്ഥികൾക്കും ഹൗസ് സർജന്മാർക്കും സ്റ്റൈപ്പെന്റ് അനുവദിക്കുന്നതിന് മേൽ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 3.3461 കോടി രൂപ അധികമായി ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

**സർക്കാർ സ്വീകരിച്ച നടപടി**

സർക്കാർ ഉത്തരവ് G.O(Rt)No. 8778/24/Fin dtd. 27.11.2024 പ്രകാരം 85,68,000/-

രൂപയും G.O(Rt)No. 1188/25/Fin dtd. 07.02.2024 പ്രകാരം 64,60,000/- രൂപയും അധിക ധനാനുമതി ലഭിച്ചിരുന്നു.

2210-05-105-28 – **ഡി.എം.ഇ.യുടെ കീഴിൽ കേന്ദ്ര സഹായം ലഭ്യമാകുന്ന പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം (CSS 60:40)**

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-05-105-28-06- കോഴിക്കോട് ദേശീയ പാതയിലെ സർക്കാർ ആശുപത്രികളിൽ ട്രോമാകെയർ വിഭാഗം സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള സഹായം - 80 ലക്ഷം രൂപ

2210-05-105-28-07 -ആലപ്പുഴ ദേശീയ പാതയിലെ സർക്കാർ ആശുപത്രികളിൽ ട്രോമാ കെയൽ വിഭാഗം സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള സഹായം 60 ലക്ഷം രൂപ

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ട്രോമാകെയർ വിഭാഗത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിനാലും ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ അതിനൂതന ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കേണ്ടതിനാലും മേൽ ശീർഷകങ്ങളിലേയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരിത്തിയിട്ടുള്ള തുക അപര്യാപ്തമാണ് . ആയതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അധിക തുക പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-28-06 - 2.56 കോടി രൂപ

2210-05-105-28-07 – 12.2 ലക്ഷം രൂപ

(ഖണ്ഡിക -34)

**സർക്കാർ സ്വീകരിച്ച നടപടി**

2210-05-105-28-06 കോഴിക്കോട് ദേശീയ പാതയിലെ സർക്കാർ ആശുപത്രികളിൽ ട്രോമാകെയർ വിഭാഗം സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള സംസ്ഥാന വിഹിതമായി 80 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. അധിക തുക അനുവദിച്ചിരുന്നില്ല.

2210-05-105-28-07 ആലപ്പുഴ ദേശീയ പാതയിലെ സർക്കാർ ആശുപത്രികളിൽ ട്രോമാകെയർ വിഭാഗം സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള സംസ്ഥാന സഹായമായി 60 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. ആയത് മുഴുവൻ ചെലവഴിച്ചിട്ടുണ്ട് 49.44 ലക്ഷം രൂപ അധിക ഫണ്ടായും അനുവദിച്ചിരുന്നു. ടി തുക പ്രസ്തുത സ്കീമിന്റെ SNA അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുട്ടുണ്ട്.

2210-05-105-18 – **സീമെറ്റിനുള്ള സാമ്പത്തിക സഹായം**

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-05-105-18-35 – മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - 55 ലക്ഷം രൂപ

2210-05-105-18-36- സഹായധനം - ശമ്പളേതരം - 15 ലക്ഷം രൂപ

സീമെറ്റിന് കീഴിലുള്ള മലമ്പുഴയിലെയും പള്ളുരുത്തിയിലെയും നഴ്സിംഗ് കോളേജുകൾക്ക് സ്വന്തമായുള്ള ലേഡീസ് ഹോസ്റ്റലുകൾ താമസയോഗ്യമാക്കുന്നതിനുള്ള അറ്റകുറ്റപണികൾ നിർവ്വഹിക്കേണ്ടതിനാലും മുട്ടത്തറ കോളേജിന് സ്വന്തമായി കോളേജ് കെട്ടിടം നിർമ്മിക്കേണ്ടതിനാലും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോളേജുകളുടെ വാടക കൊടുക്കേണ്ടതിനാലും മേൽ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കുന്ന തുക അധികമായി ഈ ശീർഷകങ്ങളിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-18-35 – 10.45 കോടി രൂപ

2210-05-105-18-36- 55.5 ലക്ഷം രൂപ

(ഖണ്ഡിക – 35)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തികവർഷത്തിൽ 2210-05-105-18-35 ശീർഷകത്തിൽ മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായ ധനമായി 55 ലക്ഷം രൂപയും 2210-05-105-18-36 ശമ്പളേതരം ശീർഷകത്തിൽ 15 ലക്ഷം രൂപയും അനുവദിച്ചിരുന്നു.

ആയതിൽ മുഴവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. അധിക തുകയൊന്നും ഈ ശീർഷകങ്ങളിൽ അനുവദിക്കപ്പെട്ടിട്ടില്ല.

2210-05-105-07 – **സീമെറ്റിന് കീഴിൽ പുതിയ നഴ്സിംഗ് കോളേജ്**

ബഡ്ജറ്റ് വിഹിതം : ഇല്ല

സംസ്ഥാന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സീമെറ്റിന് കീഴിൽ ആരംഭിച്ച പുതിയ നഴ്സിംഗ് കോളേജുകളുടെ കെട്ടിട നിർമ്മാണത്തിന് തുകയൊന്നും നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിലേയ്ക്ക് വകയിരുത്തിയിട്ടില്ല. പ്രസ്തുത ശീർഷകത്തിലേയ്ക്ക് 7 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-36)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തിൽ 2210-05-105-07 എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതമായി തുകയൊന്നും അനുവദിച്ചിട്ടില്ല. ഉപധനാഭ്യർത്ഥന പ്രകാരം 4 കോടി രൂപ അനുവദിച്ചിരുന്നു. ആയതിൽ മുഴവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

4210-03-105-66-01 – **ഇടുക്കി ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് – മരാമത്ത് പണികൾ**

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കും റോഡ് സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തികൾക്കുമായി നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ അധികമായി ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

**സർക്കാർ സ്വീകരിച്ച നടപടി**

ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ മരാമത്ത് പണികൾക്കായി 2024-

2025 സാമ്പത്തിക വർഷത്തിൽ 4210-03-105-66(P) എന്ന ശീർഷകത്തിൽ അഞ്ച് കോടി രൂപ വകയിരുത്തിയിരിന്നു. മെഡിക്കൽ കോളേജിലെ റസിഡൻഷ്യൽ സംവിധാനങ്ങളുടെ സിവിൽ ജോലികളുടെ ബിൽ തുക മാറുന്നതിനും (07.05.2024-ലെ സ .ഉ (സാധാ) 1126/2024/ആ.കു.വ പ്രകാരം) ഇലക്ട്രിഫിക്കേഷൻ ജോലികളുടെ ബിൽ തുക മാറുന്നതിനും (18.05.2024-ലെ K1/120/2024-HEALTH നമ്പർ കത്ത് പ്രകാരം ), ആശുപത്രിക്കെട്ടിടത്തിന്റെ മെക്കാനിക്കൽ ജോലികളുടെ ബിൽ തുക മാറുന്നതിനുമായി (27/06/2024- ലെ K1/151/2024-HEALTH നമ്പർ കത്ത് പ്രകാരം) ടി തുക പൂർണ്ണമായും ചെലവഴിച്ചിരുന്നു.

തുടർന്ന് ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ മെക്കാനിക്കൽ ജോലികൾ ചെയ്ത വകയിൽ കരാറുകാരന് നൽകുന്നതിനായി (RAB04 വരെ) കണ്ണൂർ സർക്കാർ ദന്തൽ കോളേജിന്റെ മരാമത്ത് പണികൾക്കായുള്ള 4210-03-105-15-01(P) എന്ന ശീർഷകത്തിൽ നിന്നും 86,37,000/-രൂപ (എൺപത്തിയാറ് ലക്ഷത്തി മുപ്പത്തിഏഴായിരം രൂപ മാത്രം) ഇടുക്കി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയുടെ മരാമത്ത് പണികൾക്കായുള്ള 4210-03-105-66-01(P) എന്ന ശീർഷകത്തിലേക്ക് ധനപുനർവിനിയോഗം നടത്തി 24.01.2025-ലെ സ.ഉ.(സാധാ)നം. 689/2025/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തുടർന്ന് "4210-03-105-29-01 ആലപ്പുഴയിൽ ദന്തൽ കോളേജ് മരാമത്ത് പണികള് "എന്ന ശീർഷകത്തിൽ നിന്നും ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിന്റെ 4210-03-105-66 ശീർഷകത്തിലേക്ക് ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ വിവിധ നിർമ്മാണ ജോലികൾ നിർവഹിച്ച വകയിൽ 1,28,60,000/-രൂപ (ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ധനപുനർവിനിയോഗം മുഖേന അനുവദിച്ച് 14.03.2025-ലെ സ .ഉ (സാധാ) നം.2420/2025/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ധനപുനർവിനിയോഗം വഴി ലഭ്യമാക്കുന്ന തുക കരാറുകാരന് നൽകുന്നതിനുള്ള അനുമതി ഇടുക്കി സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് നൽകുകയും ചെയ്തിരുന്നു.

ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ റോഡ് , പ്രൊട്ടക്ഷൻ വർക്കിന്റെ

ഭാഗമായ മതിൽ നിർമ്മാണം എന്നിവയ്ക്കായി 18,61,09,746/-രൂപയുടെ പ്രവർത്തിക്ക് 17.10.2022-ലെ സ .ഉ.(സാധാ) 2499/2022/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 21.09.2023-ലെ സ .ഉ(സാധാ) 2433/2023/ ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം 16,29,99,306/-രൂപയുടെ പ്രവർത്തിക്കായി സാങ്കേതികാനുമതിയും നൽകിയിരുന്നു. ടി പ്രവർത്തിയ്ക്കുള്ള നിർമ്മാണ കരാർ ഇക്കാര്യത്തിൽ ഏറ്റവും കുറഞ്ഞ തുക (16,27,10,614.24 രൂപ) കോട്ട് ചെയ്ത M/s VKJ Infrastructure, Kothamangalam എന്ന സ്ഥാപനത്തിന് നൽകുന്ന വിഷയം വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികൾ (മൂന്നാം ഘട്ട നിർമ്മാണം) L1 ബിഡ്ഡറായ M/s വി. കെ.ജെ ഇൻഫ്രാസ്ട്രക്ചർ, കോതമംഗലം-ന്, ചർച്ച ചെയ്ത് കുറവ് വരുത്തിയതും നിലവിലെ DSR+10% ടോളറൻസ് എന്നിവ അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റ് തുകയുടെ 6.09% അധികരിച്ചതുമായ തുകയായ 16,10,73,119.76/-രൂപയ്ക്ക്, അവാർഡ് ചെയ്ത് 30/11/2024-ലെ സ.ഉ (കൈ)നം. 368/2024/ആ.കു.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കും റോഡ് സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തികൾക്കുമായി 2024-2025 സാമ്പത്തിക വർഷം 4210-03-105-66-01 ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ കണക്കിലെടുത്തും ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ ആവശ്യകത കണക്കിലെടുത്തും ധനപുനർവിനിയോഗം വഴി അധിക തുക അനുവദിച്ചിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

4210-03-105-65 **–കാസർഗോഡ് ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് (നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ്. പദ്ധതി)**

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിനും മറ്റുമായി മേൽ ശീർഷകത്തിലേയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ

വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 21 കോടി രൂപ അധികമായി ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-38)

**സർക്കാർ സ്വീകരിച്ച നടപടി**

2024-2025 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ മൂലധന ശീർഷകത്തിൽ 4 കോടി രൂപ അനുവദിച്ചിരുന്നു എങ്കിലും ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട കരാറുകാരന്റെ എഗ്രിമെന്റ് ഫോർക്ളോസ് ചെയ്യുന്ന നടപടികൾ സ്വീകരിച്ചു വന്നതിനാൽ പണികൾ ആരംഭിച്ചിട്ടില്ല . അതിനാൽ മൂലധന ശീർഷകത്തിൽ ചിലവുകൾ ഉണ്ടായിട്ടില്ല.

**ഭക്ഷ്യസുരക്ഷാ വകുപ്പ്**

2210-06-102-99-05-2 - **ഭക്ഷ്യകാര്യഭരണം-ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ്**

ബഡ്ജറ്റ് വിഹിതം : 7.62 ലക്ഷം രൂപ (നോൺ പ്ലാൻ)

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലും അതിനു കീഴിലുള്ള 14 ജില്ലാ കാര്യാലയങ്ങളിലും സാമ്പിൾ പരിശോധനകളടക്കമുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ വൈദ്യുതി ഉപഭോഗം വർദ്ധിച്ച സാഹചര്യത്തിൽ നടപ്പു സാമ്പത്തിക വർഷം മേൽ ശീർഷകത്തിലേക്ക് വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 9.9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-39)

**സർക്കാർ സ്വീകരിച്ച നടപടി**

17.07.2024 തീയതിയിലെ സ.ഉ. (സാധാ) നം.5537/2024/ധന പ്രകാരം ബഡ്ജറ്റ് വിഹിതത്തിനു പുറമെ 7.75 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

2210-06-102-99 - **ഭക്ഷ്യകാര്യഭരണം**

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-06-102-99-06 - വാടക, കരം, നികുതി - 10 ലക്ഷം രൂപ

2210-06-102-99-34-3 - മറ്റു ചെലവുകൾ-മറ്റിനം - 11.57 ലക്ഷം രൂപ

ഭക്ഷ്യസുരക്ഷാ എൻഫോഴ്മെന്റ് വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളുടെയും കെട്ടിടങ്ങളുടെയും വാടക, കരം, നികുതി എന്നിവയും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനു കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലെ തപാൽ സ്റ്റാമ്പ് ഇനത്തിലുള്ള ചെലവ്, സ്റ്റേഷനറി ചെലവ്, സെക്യൂരിറ്റി ജീവനക്കാരുടെ വേതനം എന്നിങ്ങനെയുള്ള മറ്റ് ചെലവുകൾ- മറ്റിനം എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99-06 - 6.65 ലക്ഷം രൂപ

2210-06-102-99-34-3 - 10.44 ലക്ഷം രൂപ

(ഖണ്ഡിക-40)

## സർക്കാർ സ്വീകരിച്ച നടപടി

09.12.2024 തീയതിയിലെ സ.ഉ. (സാധാ) നം.9137/2024/ധന പ്രകാരം ബഡ്ജറ്റ് വിഹിതത്തിനു പുറമെ ₹29.95 ലക്ഷം രൂപ അധികധനമായി അനുവദിച്ചിട്ടുണ്ട്.

07.01.2025 തീയതിയിലെ സ.ഉ. (സാധാ) നം.182/2025/ധന പ്രകാരം ബഡ്ജറ്റ് വിഹിതത്തിനു പുറമെ 3.64 ലക്ഷം രൂപ അധികധനമായി അനുവദിച്ചിട്ടുണ്ട്.

2210-06-102-99-97 - ഭക്ഷ്യകാര്യഭരണം - വാഹനങ്ങളുടെ വാടക
ബഡ്ജറ്റ് വിഹിതം : 48 ലക്ഷം രൂപ (പ്ലാൻ)

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന് കീഴിലുള്ള 140 സർക്കിളുകളിലെയും ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന സർക്കാർ വാഹനങ്ങളുടെ എണ്ണം കുറവാണ്. ഭക്ഷ്യ വിപണിയിലെ നിരന്തര പരിശോധനകൾക്കും വാർഷിക പദ്ധതി പ്രകാരമുള്ള വിവിധ പ്രോഗ്രാമുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും മതിയായ വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്നതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം

വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-41)

**സർക്കാർ സ്വീകരിച്ച നടപടി**

വാഹന വാടക പ്ലാൻ ശീർഷകത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ ആകെ 61.69 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുള്ളതാണ്.

2210-06-107-98-05-2 - **ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി,തിരുവനന്തപുരം-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്**

ബഡ്ജറ്റ് വിഹിതം : 27.84 ലക്ഷം രൂപ (നോൺ പ്ലാൻ)

NABL അക്രഡിറ്റേഷനുള്ള തിരുവനന്തപുരം , എറണാകുളം, കോഴിക്കോട് മേഖലകളിലെ ലാബുകളിൽ അത്യാധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കേണ്ടി വരുന്നതിനാൽ വൈദ്യുത ഉപഭോഗത്തിൽ വർദ്ധനവുണ്ട്. ആയതിനാൽ 28.14 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-42)

**സർക്കാർ സ്വീകരിച്ച നടപടി**

03.09.2024 തീയതിയിലെ സ.ഉ. (സാധാ) നം. 6704/2024/ധന പ്രകാരം ബഡ്ജറ്റ് വിഹിതത്തിന് പുറമെ 25 ലക്ഷം രൂപയും 13.02.2025 തീയതിയിലെ സ.ഉ. (സാധാ) നം. 1357/2025/ധന പ്രകാരം ₹ 26,30,000 രൂപയും അധികധനമായി അനുവദിച്ചിട്ടുണ്ട്.

2210-06-107-98-05-3 - **ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി,തിരുവനന്തപുരം-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്**

ബഡ്ജറ്റ് വിഹിതം : 41,000 രൂപ (നോൺ പ്ലാൻ)

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവധ ലാബുകൾക്കും FSSAI അനുശാസിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കും ടെലിഫോൺ /ബ്രോഡ്ബാന്റ് ചെലവുകൾക്കും തടസ്സമില്ലാത്ത ഇന്റർനെറ്റ് സേവനത്തിനായും നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 39,000/- രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന

വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-43)

**സർക്കാർ സ്വീകരിച്ച നടപടി**

18.12.2024 തീയതിയിലെ സ.ഉ. (സാധാ) നം. 9396/2024/ധന പ്രകാരം ബഡ്ജറ്റ് വിഹിതത്തിന് പുറമെ ₹ 18,000/- രൂപ അധികധനമായി അനുവദിച്ചിട്ടുണ്ട്.

2210-06-107-98-06 - ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി,തിരുവനന്തപുരം-വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 59,000 രൂപ (നോൺപ്ലാൻ)

പത്തനംതിട്ട ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ജില്ലാ ഭക്ഷ്യ പരിശോധനാ ലാബ്, കണ്ണൂർ ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന മേഖലാ ലാബ് എന്നിവയുടെ വാടക, കരം, നികുതി എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.61 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-44)

**സർക്കാർ സ്വീകരിച്ച നടപടി**

07.12.2024 തീയതിയിലെ സ.ഉ. (സാധാ) നം. 9089/2024/ധന പ്രകാരം ബഡ്ജറ്റ് വിഹിതത്തിന് പുറമെ ₹ 4.49 ലക്ഷം രൂപ അധികധനമായി അനുവദിച്ചിട്ടുണ്ട്.

2210-06-107-98-34-3 - ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം-മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ (പ്ലാൻ)

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിലുള്ള തിരുവനന്തപുരം , എറണാകുളം, കോഴിക്കോട് എന്നീ മേഖലാ ലബോറട്ടറികളിലെ ഗ്ലാസ് വെയറുകളും മറ്റ് ലബോറട്ടറി ഉപകരണങ്ങളും യഥാസമയം കാലിബ്രേറ്റ് ചെയ്യുന്നതിനും വിവധ ഉപകരണങ്ങളുടെ AMC/ CAMC പുതുക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 45 ലക്ഷം രൂപ അധികമായി

ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-45)

**സർക്കാർ സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തെ കൂടാതെ 27.70 ലക്ഷം കൂടി പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുള്ളതാണ്.

**ഡ്രഗ്സ് കൺട്രോൾ വകുപ്പ്**

2210-06-104-99 - **ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം**

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-06-104-99-06- വാടക, കരം, നികുതി - 8.80 ലക്ഷം രൂപ

2210-06-104-99-45 – പി.ഒ.എൽ. - 2.08 ലക്ഷം രൂപ

ഔഷധനിയന്ത്രണ കാര്യാലയത്തിലെ മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ കുടിശ്ശിക തുക ഉള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-104-99-06- 13 ലക്ഷം രൂപ

2210-06-104-99-45 - 12 ലക്ഷം രൂപ

(ഖണ്ഡിക- 46)

**സർക്കാർ സ്വീകരിച്ച നടപടി**

2210-06-104-99-06- വാടക, കരം, നികുതി (അധിക തുക-13 ലക്ഷം രൂപ), 2210-06-104-99-45 പി.ഒ.എൽ (അധിക തുക-12 ലക്ഷം രൂപ) എന്നീ ശീർഷകങ്ങളിൽ, 2024-25 വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനയിൽ അധിക തുക വകയിരുത്തണമെന്ന ഡ്രഗ്സ് കൺട്രോളറുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിഗണിക്കുകയും, 2024-25-ലെ

അന്തിമ ഉപധനാഭ്യർത്ഥന നിയമസഭയിൽ അവതരിപ്പിച്ചതിനാൽ , അധികതുക അനുവദിച്ചിട്ടുള്ളത് ക്രമപ്പെടുത്തുന്നതിനും പുതിയ ഫണ്ടുകൾ ലഭ്യമാക്കുന്നതിനുമായി ധനപുനർവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. അപ്രകാരം ഡ്രഗ്സ് കൺട്രോളർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും തുടർ പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

2210-06-104-98 - <u>മരുന്നു പരിശോധനാശാല</u>

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-06-104-98- 05-1 -<u>ഓഫീസ് ചെലവുകൾ-വെള്ളക്കരം</u>- 12,000 രൂപ

2210-06-104-98- 05-2 -<u>ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ്</u> - 29.17 ലക്ഷം രൂപ

2210-06-104-98-06 - <u>വാടക, കരം, നികുതി</u> - 99,000 രൂപ

എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെയും കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെയും വൈദ്യുതി ചെലവിനത്തിലും കെട്ടിട നികുതിയിനത്തിലും നടപ്പ് സമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. <u>ആയതിനാൽ ചുവടെ ചേർക്കും പ്രകാരം തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-06-104-98- 05-1 –1.88 ലക്ഷം രൂപ

2210-06-104-98- 05-2 -15 ലക്ഷം രൂപ

2210-06-104-98-06- 2 ലക്ഷം രൂപ

(ഖണ്ഡിക-47)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വെള്ളക്കരം ഒടുക്കുന്നതിനായി 2210-06-104-98-05-01-NV എന്ന ശീർഷകത്തിൽ 18.07.2024 ലെ G.O(Rt) No. 5577/2024/Fin ഉത്തരവ് പ്രകാരം 1,88,000/-രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചിട്ടുണ്ട്.

2210-06-104-98-05-2-വൈദ്യുതി ചെലവ് ശീർഷകത്തിൽ, അധിക തുകയായി 12.5 ലക്ഷം രൂപ, 2024-25 വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന ഡ്രഗ്സ് കൺട്രോളറുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിഗണിക്കുകയും, 2024-25 ലെ അന്തിമ ഉപധനാഭ്യർ ത്ഥന നിയമസഭയിൽ അവതരിപ്പിച്ചതിനാൽ, അധികതുക അനുവദിച്ചിട്ടുള്ളത് ക്രമപ്പെടുത്തുന്നതിനും പുതിയ ഫണ്ടുകൾ ലഭ്യമാക്കുന്നതിനുമായി ധനപുനർവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. അപ്രകാരം ഡ്രഗ്സ് കൺട്രോളർക്ക് നിർദ്ദേശം നൽകിയിരുന്നു വെങ്കിലും തുടർ പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്**

2210-80-190-99-36 - **കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിനുള്ള സഹായധനം-സഹായധനം -ശമ്പളേതരം**

ബഡ്ജറ്റ് വിഹിതം : 356.4 കോടി രൂപ (നോൺ പ്ലാൻ)

2024-2025 സാമ്പത്തിക വർഷത്തെ അവശ്യ മരുന്നുകളുടെ സംഭരണത്തിനായി നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 577.8838 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-48)

**സർക്കാർ സ്വീകരിച്ച നടപടി**

2024-2025 സാമ്പത്തിക വർഷത്തെ അവശ്യ മരുന്നുകളുടെ സംഭരണത്തിനായി "2210-80-190-99-36" എന്ന ശീർഷകത്തിൽ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനുള്ള ബഡ്ജറ്റ് വിഹിതമായ 356.4 കോടി രൂപ പൂർണ്ണമായും അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിന് പുറമേ 28.01.2025 ലെ സ.ഉ(ആർ.ടി)240/2025/ആകുവ, ഉത്തരവ് പ്രകാരം 150 കോടിയും 24.03.2025 ലെ സ.ഉ(ആർ.ടി.) 857/2025 ആകുവ ഉത്തരവ് പ്രകാരം 100 കോടിയും അധികമായി അനുവദിച്ച് നല്കിയിട്ടുണ്ട്. മരുന്ന വിതരണ

കമ്പനികൾക്ക് സമയബന്ധിതമായി പണം നൽകുന്നുവെന്ന് ഉറപ്പാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂഷണൽ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം (ഐ.ബി.ഡി.എസ്) പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

### കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

2210-05-001-93-31 - <u>കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല- സഹായധനം- ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 4.3996 കോടി രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള <u>തുക അപര്യാപ്തമായതിനാൽ 10.7854 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക-49)

### <u>സർക്കാർ സ്വീകരിച്ച നടപടി</u>

"2024-25 സാമ്പത്തിക വർഷത്തിൽ 2210-05-001-93-31-സഹായധനം-ശമ്പളം (നോൺ പ്ലാൻ)"എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 4.3996 കോടി രൂപയിൽ ആദ്യ ഗഡുവായി 87.992 ലക്ഷം രൂപ 04.06.2024 ലെ സ.ഉ (സാധാ) നം. 1328/ 2024/ ആ.കു.വ പ്രകാരം കേരള ആരോഗ്യ സർവകലാശാലയ്ക്ക് അനുവദിച്ചിട്ടുണ്ട് . സർവകലാശാലയിൽ നിന്ന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന തുകയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. നിലവിൽ മതിയായ ബജറ്റ് വിഹിതം നീക്കിയിരുപ്പുള്ളതിനാൽ പ്രസ്തുത തുക ചെലവഴിച്ചതിന് ശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം അധിക തുകയെ സാധൂകരിക്കുന്ന വിശദാംശങ്ങൾ സഹിതം ധനപുനർവിനിയോഗ/അധിക ധനാനുമതി പ്രൊപ്പോസൽ സർവകലാശാല സമർപ്പിക്കുന്ന പക്ഷം ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉപധനാഭ്യർത്ഥന വഴി "2210-05-001-93-31-സഹായധനം-ശമ്പളം (നോൺ പ്ലാൻ)" ശീർഷകത്തിൽ 10.7854 കോടി രൂപ അനുവദിക്കുന്നതിനായി കേരള ആരോഗ്യ സർ

വകലാശാല പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പ്രൊപ്പോസൽ ഉപധനാഭ്യർത്ഥനയുടെ സർക്കുലറിന്റെ പരിധിയിൽ വരാതിരുന്നതിനാൽ ധനകാര്യ വകുപ്പ് നിരസിച്ചിരുന്നു.

2210-05-001-93 – **കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല**

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-05-001-93-35 – മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - 10 കോടി രൂപ

2210-05-001-93-36 - സഹായധനം - ശമ്പളേതരം - 1.5 കോടി രൂപ

2024-25 സാമ്പത്തിക വർഷത്തിൽ 6 പദ്ധതികളാണ് Plan write up-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതികൾക്കും 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചതും പദ്ധതി വിഹിതം ലഭിക്കാത്തതുമായ 5 പദ്ധതികളുടെ പ്രവൃത്തികൾക്കുമായി നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 47.12 കോടി രൂപ മേൽ ശീർഷകങ്ങളിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-50)

**സർക്കാർസ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

2210-05-001-93-36 - **കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല- സഹായധനം-ശമ്പളേതരം**

ബഡ്ജറ്റ് വിഹിതം : 2.7280 കോടി രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.272 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-51)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തിൽ " 2210-05-001-93-36 -സഹായധനം-ശമ്പളേതരം (നോൺ പ്ലാൻ)"എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2.728 കോടി രൂപയിൽ ആദ്യ ഗഡുവായി 54.56 ലക്ഷം രൂപ 04.06.2024 ലെ സ.ഉ (സാധാ) നം.1328/2024/ആ.കു.വ പ്രകാരം കേരള ആരോഗ്യ സർവകലാശാലയ്ക്ക് അനുവദിച്ചിട്ടുണ്ട്. സർവകലാശാലയിൽ നിന്ന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന തുകയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് . നിലവിൽ മതിയായ ബജറ്റ് വിഹിതം നീക്കിയിരുപ്പുള്ളതിനാൽ പ്രസ്തുത തുക ചെലവഴിച്ചതിന് ശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം അധിക തുകയെ സാധൂകരിക്കുന്ന വിശദാംശങ്ങൾ സഹിതം ധനപുനർവിനിയോഗ/അധിക ധനാനുമതി പ്രൊപ്പോസൽ സർവകലാശാല സമർപ്പിക്കുന്ന പക്ഷം ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉപധനാഭ്യർത്ഥന വഴി "2210-05-001-93-36 സഹായധനം-ശമ്പളേതരം (നോൺ പ്ലാൻ)" ശീർഷകത്തിൽ 3.272 കോടി രൂപ അനുവദിക്കുന്നതിനായി കേരള ആരോഗ്യ സർവകലാശാല പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പ്രൊപ്പോസൽ ഉപധനാഭ്യർത്ഥനയുടെ സർക്കുലറിന്റെ പരിധിയിൽ വരാതിരുന്നതിനാൽ ധനകാര്യ വകുപ്പ് നിരസിച്ചിരുന്നു.

<u>പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം</u>

2210-05-105-52-31 - പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം- സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 43.3431 കോടി രൂപ (നോൺ പ്ലാൻ)

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ഏഴാം ശമ്പളപരിഷ്കരണം അടിസ്ഥാനമാക്കി R.C.C യിലെ ജീവനക്കാരുടെ ശമ്പളം പുതുക്കിയതിനാൽ 2016 ജനുവരി മുതൽ 2021 മെയ് മാസം വരെയുള്ള കാലയളവിലെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിനും പുതുക്കിയ നിരക്കിലുള്ള ശമ്പളവും മറ്റ് ബത്തകളും അനുവദിക്കുന്നതിനും ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 101.6569 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 52)

**സർക്കാർ സ്വീകരിച്ച നടപടി**

വിഷയ നിർണ്ണയ സമിതി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത തുക 2024-25 സാമ്പത്തിക വർഷത്തെ സപ്ലിമെന്ററി ഗ്രാന്റിൽ (ആദ്യ ബാച്ച് SDG ജൂലൈ 2024; അവസാന ബാച്ച് SDG ഫെബ്രുവരി 2025) ഉൾപ്പെടുത്തി അനുവദിക്കണമെന്ന് ആർ.സി.സി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക മുഴുവനും ചെലവഴിച്ച ശേഷം അധിക തുക സംബന്ധിച്ച ശിപാർശ സമർപ്പിക്കുവാൻ ആർ .സി.സി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തുടർന്ന് അധിക തുക അനുവദിക്കുന്നത് ആവശ്യമായി വന്നില്ല.

2210-05-105-52-36 - <u>പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം-</u>
<u>സഹായധനം-ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം : 27.0175 കോടി രൂപ (നോൺപ്ലാൻ)

റീജ്യണൽ ക്യാൻസർ സെന്ററിലേക്ക് മരുന്നുകൾ , റീയേജന്റുകൾ തുടങ്ങിയവ വാങ്ങുന്നതിനും, നിർദ്ധന രോഗികളുടെ ചികിത്സ, കെട്ടിടത്തിന്റെയും ഉപകരണങ്ങളുടെയും പരിപാലന-അറ്റകുറ്റപ്പണികൾ, മാലിന്യ നിർമ്മാർജ്ജനം, ഓഡിറ്റ് ചെലവുകൾ, പെൻഷൻ പദ്ധതിയിലേക്കുള്ള തൊഴിലുടമയുടെ വിഹിതം , ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം, മറ്റ് നികുതികൾ മുതലായ ഓഫീസ് ചെലവുകൾ വഹിക്കുന്നതിനായി ഈ സാമ്പത്തിക വർഷം <u>ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 17.0525 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക- 53)

**സർക്കാർ സ്വീകരിച്ച നടപടി**

വിഷയ നിർണ്ണയ സമിതി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത തുക 2024-25 സാമ്പത്തിക വർഷത്തെ സപ്ലിമെന്ററി ഗ്രാന്റിൽ (ആദ്യ

ബാച്ച് SDG ജൂലൈ 2024; അവസാന ബാച്ച് SDG ഫെബ്രുവരി 2025) ഉൾപ്പെടുത്തി അനുവദിക്കണമെന്ന് ആർ.സി.സി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക മുഴുവനും ചെലവഴിച്ച ശേഷം അധിക തുക സംബന്ധിച്ച ശിപാർശ സമർപ്പിക്കുവാൻ ആർ .സി.സി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തുടർന്ന് അധിക തുക അനുവദിക്കുന്നത് ആവശ്യമായി വന്നില്ല.

**കൊച്ചിൻ ക്യാൻസർ സെന്റർ**

2210-05-200-92 – **ക്യാൻസർ ഗവേഷണ കേന്ദ്രം, കൊച്ചി, എറണാകുളം**

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-05-200-92-35 - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള - സഹായധനം - 8.37 കോടി രൂപ

2210-05-200-92-36 – സഹായധനം - ശമ്പളേതരം - 6.13 കോടി രൂപ

കൊച്ചി ക്യാൻസർ സെന്റർ (CCRC) പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനും ഇൻട്രാ ഓപ്പറേറ്റീവ് റേഡിയോ തെറാപ്പി മെഷീൻ സ്ഥാപിക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് 11.06 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-54)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും അനുവദിച്ചു നൽകിയിട്ടില്ല.

**മലബാർ ക്യാൻസർ സെന്റർ**

2210-05-200-96 – **മലബാർ ക്യാൻസർ സെന്ററിന് സഹായം**

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

35 - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - 16.8 കോടി രൂപ

36 –സഹായധനം - ശമ്പളേതരം - 11.2 കോടി രൂപ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

31 – സഹായധനം - ശമ്പളം - 6.3041 കോടി രൂപ

36 – സഹായധനം - ശമ്പളേതരം - 6.0703 കോടി രൂപ

മലബാർ ക്യാൻസർ സെന്ററിലെ അക്കാദമിക്ക് & റിസർച്ച് ആവശ്യങ്ങൾക്കും നിലവിൽ അവിടെ നടന്നുവരുന്ന വികസ പദ്ധതികളുടെ പൂർത്തീകരണത്തിനും മറ്റു നോൺ പ്ലാൻ ചെലവുകൾക്കും മേൽ സൂചിപ്പിച്ച ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 98.7246 കോടി രൂപ പ്ലാൻ ഫണ്ടിലും 13.1843 കോടി രൂപ നോൺ പ്ലാൻ ഫണ്ടിലും ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-55)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

**സ്റ്റേറ്റ് ഹെൽത്ത് ഏജൻസി**

2210-06-800-81 - പ്രധാനമന്ത്രി ജന ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി – സംസ്ഥാന പദ്ധതി

ബഡ്ജറ്റ് വിഹിതം : 546.54 കോടി രൂപ (പ്ലാൻ)

സ്വകാര്യ ആശുപത്രികൾക്കും പൊതു ആശുപത്രികൾക്കും കൂടി ആകെ 1134.12 കോടി രൂപ കുടിശ്ശിക കൊടുത്ത് തീർക്കാനുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ, 575.46 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-56)

**സർക്കാർ സ്വീകരിച്ച നടപടി**

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി 21.02.2025 തീയതിയിലെ സ.ഉ

(സാധാ) നം. 502/2025/ആ.ക.വ ഉത്തരവ് പ്രകാരം 300/-കോടി രൂപ 2210-06-800-81-State Scheme(P) ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

## ഐക്കോൺസ്

2210-05-105-36 - ജ്ഞാനഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം : 2.4732 കോടി രൂപ (നോൺ പ്ലാൻ)

വിഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ പ്രത്യേക ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾ ഐക്കോൺസ് നടപ്പിലാക്കി വരുന്നു. ഐക്കോൺസിലെ സ്ഥിരം ജീവനക്കാരുടെയും താല്ക്കാലിക ജീവനക്കാരുടെയും വേതന പരിഷ്കരണവുമായി ബന്ധപ്പെട്ട സാലറി പാക്കേജ് നടപ്പിലാക്കേണ്ടതുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5.03 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-57)

## സർക്കാർ സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

## ഇംഹാൻസ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസ്)

2210-05-200-95 - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസ്

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-200-95-36 - സഹായധനം-ശമ്പളേതരം- 13.51 ലക്ഷം രൂപ

മാനസിക ആരോഗ്യ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും വിദ്യാർത്ഥികൾക്ക് വേണ്ടി സെമിനാറുകൾ നടത്തുന്നതിനും ലിഫ്റ്റുകളുടെയും ന്യൂറോ സയൻസ് ലാബിലെ ഉപകരണങ്ങളുടെയും AMC-യ്ക്കും ജനറേറ്ററുടെ പീരിയോഡിക്കൽ സർവ്വീസിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക

അപര്യാപ്തമായതിനാൽ 20.20 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-58)

**സർക്കാർ സ്വീകരിച്ച നടപടി**

26.01.2025 തീയതിയിലെ സ.ഉ. (സാധാ) നം.760/2025/ധന പ്രകാരം ബഡ്ജറ്റ് വിഹിതത്തിനു പുറമെ 8,43,000/- രൂപ അധികധനമായി അനുവദിച്ചിട്ടുണ്ട്.

**കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി**

2210-01-110-27-31 - കേരളസ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി - സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 11.77 ലക്ഷം (നോൺ പ്ലാൻ)

കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ആനുകൂല്യങ്ങൾക്കുമായി മേൽ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിട്ടുള്ള തുക അപര്യാപ്തമായതിനാൽ 15.38 ലക്ഷം രൂപ അധികമായി പ്രസ്തുത ശീർഷകത്തിലേയ്ക്ക് ധനപുന:വിനിയോഗം വഴിയോ അഥവ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-59)

**സർക്കാർ സ്വീകരിച്ച നടപടി**

23.11.2024 തീയതിയിലെ സ.ഉ. (സാധാ) നം. 8685/2024/ധന തീയതി പ്രകാരം ബഡ്ജറ്റ് വിഹിതത്തിനു പുറമെ 15,51,000/-രൂപ അധികധനമായി അനുവദിച്ചിട്ടുണ്ട്.

2210-01-110-42-00-00 **-മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളുടെ പ്രവർത്തന ചെലവുകൾ**

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ) തുക വകയിരുത്തിയിട്ടില്ല

2017-ലെ മാനസികാരോഗ്യ പരിപാലന നിയമപ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളുടെ ചെയർമാൻമാരുടെയും മറ്റ് അംഗങ്ങളുടെയും ഓണറേറിയം, ചെയർമാന്മാരുടെ വാഹന വാടകയിനത്തിലേയ്ക്കുള്ള ചെലവുകൾ, അനുവദനീയ തസ്തികകളിലേയ്ക്കുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങൾ എന്നിവ

അനുവദിക്കുന്നതിന് പുതുതായി അനുവദിച്ചിട്ടുള്ള മേൽ ശീർഷകത്തിലേയ്ക്ക് 1.8978 കോടി രൂപ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-60)

**സർക്കാർ സ്വീകരിച്ച നടപടി**

15.06.2024 തീയതിയിലെ സ.ഉ. (സാധാ) നം. 4750/2024/ധന പ്രകാരം 25 ലക്ഷം രൂപ 2210-01-110-42-NP ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

**ശിശുവികസന കേന്ദ്രം**

2210-05-105-50 - **ശിശുവികസന സെന്റർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം**

ബഡ്ജറ്റ് വിഹിതം :

2210-05-105-50-31 - സഹായധനം - ശമ്പളം - 1.2888 കോടി രൂപ (നോൺ പ്ലാൻ)

2210-05-105-50-36 - സഹായധനം - ശമ്പളേതരം - 10.89 ലക്ഷം രൂപ(നോൺ പ്ലാൻ)

2210-05-105-50-36 - സഹായധനം - ശമ്പളേതരം – 2.58 കോടി രൂപ (പ്ലാൻ)

ശിശുവികസന കേന്ദ്രത്തിൽ ശമ്പളവും ശമ്പളേതര ചെലവുകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ 2210-05-105-50-31 എന്ന ശീർഷകത്തിലും 1.67 കോടി രൂപ 2210-05-105-50-36 എന്ന ശീർഷകത്തിലും അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

**സർക്കാർ സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ (എഫ് ഡബ്ല്യ)വകുപ്പ്)**

വിഷയ നിർണ്ണയ സമിതി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിന് ശിശുവികസന കേന്ദ്രം ഡയറക്ടറിൽനിന്നും നിർദ്ദേശം ലഭ്യമായില്ല.

**സർക്കാർ സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ (പി)വകുപ്പ് )**

2024-25 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

2210-01-001-88 – **കേരള ഡിജിറ്റൽ ഹെൽത്ത് മിഷൻ - ഇ-ഹെൽത്ത് പ്രോഗ്രാം**

ബഡ്ജറ്റ് വിഹിതം : 27.6 കോടി രൂപ (പ്ലാൻ)

തെരഞ്ഞെടുക്കപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ ഇ -ഹെൽത്ത് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേയക്ക് 51.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-62)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

**കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ**

**(K-SOTTO)**

2210-01-110-65 – മരണപ്പെട്ട ദാതാവിൽ നിന്നും അവയവങ്ങൾ മാറ്റിവയ്ക്കൽ (മൃതസഞ്ജീവനി)

2210-01-110-65-34 - മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

IEC (Information Education and Communication) ആക്ടിവിറ്റി, മസ്തിഷ്കമരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട് ഡോക്ടർമാർക്ക് നൽകുന്ന പരിശീലനം, ആരോഗ്യ പ്രവർത്തകരുൾപ്പെടെയുള്ള എല്ലാ തുറകളിലുമുള്ളവർക്കും അവയവദാനത്തെ കുറിച്ചുള്ള ബോധവൽക്കരണ ക്യാമ്പയിൻ എന്നിവയ്ക്കായും കെ -സോട്ടോയുടെ റീജിയണൽ ഓഫീസുകൾ, ട്രാൻസ്പ്ലാന്റ് പ്രൊക്യൂർമെന്റ് യൂണിറ്റുകൾ എന്നിവ ആരംഭിക്കുന്നതിനും

താല്ക്കാലികാടിസ്ഥാനത്തിൽ ആവശ്യമായ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനും നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മേൽ ശീർഷകത്തിലേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേയക്ക് 3.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-63)

### സർക്കാർ സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

### കേരള ഹാർട്ട് ഫൗണ്ടേഷൻ

2210-06-101-35 – **കേരള ഹാർട്ട് ഫൗണ്ടേഷൻ**

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (നോൺ പ്ലാൻ)

കേരള ഹാർട്ട് ഫൗണ്ടേഷന്റെ അടിസ്ഥാന യൂണിറ്റായ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിലേയ്ക്ക് ഒരു പ്രത്യേക കാർഡിയാക്ക് കത്തീറ്ററൈസേഷൻ ലാബ് സ്ഥാപിക്കുന്നതിനായി മേൽ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ് . ആയതിനാൽ ഈ ശീർഷകത്തിലേക്ക് അധികമായി 13 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

### സർക്കാർ സ്വീകരിച്ച നടപടി

കേരള ഹാർട്ട് ഫൗണ്ടേഷൻ അതിന്റെ ബേസ് യൂണിറ്റായ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിൽ അധികമായി 13 കോടി രൂപ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോസലുകൾ ഒന്നും സമർ

പ്പിച്ചിരുന്നില്ല. എന്നാൽ ആധുനിക കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു കാത്ത് ലാബ് സ്ഥാപിക്കുന്നതിന് പത്ത് കോടി രൂപ അനുവദിച്ചുകൊണ്ടുള്ള പ്രഖ്യാപനം 2025-26 വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ (ക്രമ നം.598) ബഹു. ധനകാര്യ വകുപ്പ് മന്ത്രി നടത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആയുഷ് വകുപ്പ്**

ഭാരതീയ ചികിത്സാ വകുപ്പ്

2210-02-101-76 –**പ്രകൃതി ദുരന്തം മൂലമുള്ള പകർച്ചവ്യാധികളുടെ നിയന്ത്രണം**

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

പദ്ധതി നടത്തിപ്പിനായി നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-65)

**സർക്കാർ സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി അധിക തുക അനുവദിക്കുന്നതിന് ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം അധിക തുക ലഭ്യമായിട്ടില്ല. മറ്റു ശീർഷകങ്ങളിലെ ഫണ്ട് അപര്യാപ്തമാകയാൽ, ധനപുനഃവിനിയോഗം വഴിയും അധിക തുക കണ്ടെത്താൻ സാധിച്ചില്ല. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ (അച്ചടി) നം.76/2024/ധന തീയതി 31.08.2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ആയുഷ് വകുപ്പിന് കീഴിലെ ഓരോ വകുപ്പിന്റെയും ആകെ പ്ലാൻ പദ്ധതികൾ 50% ആക്കി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന് ശേഷം ടി ശീർഷകത്തിൽ ലഭ്യമായ 75.00 ലക്ഷം രൂപയിൽ 74.99 ലക്ഷം രൂപയും വിനിയോഗിച്ചിരുന്നു.

2210-02-101-74 —ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ സ്പോർട്സ് യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിന് നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി അധിക തുക അനുവദിക്കുന്നതിന് ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം അധിക തുക ലഭ്യമായിട്ടില്ല. മറ്റു ശീർഷകങ്ങളിലെ ഫണ്ട് അപര്യാപ്തമാകയാൽ, ധനപുനഃവിനിയോഗം വഴിയും അധിക തുക കണ്ടെത്താൻ സാധിച്ചില. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ (അച്ചടി) നം.76/2024/ധന തീയതി 31.08.2024 പ്രകാരം സർക്കാർ ഉത്തരവ് പറപ്പെടുവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ആയുഷ് വകുപ്പിന് കീഴിലെ ഓരോ വകുപ്പിന്റെയും ആകെ പ്ലാൻ പദ്ധതികൾ 50% ആക്കി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന് ശേഷം ടി ശീർഷകത്തിൽ ലഭ്യമായ തുകയായ 50.00 ലക്ഷം രൂപയിൽ 49.99 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

2210-02-101-74 - ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല

ബഡ്ജറ്റ് വിഹിതം : (നോൺപ്ലാൻ)

2210-02-101-74-05-2- ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - 88000 രൂപ

2210-02-101-74-05-3 -ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ് - 1000 രൂപ

2210-02-101-74-05-4- ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ - 1000 രൂപ

2210-02-101-74-24 – സാധനസാമഗ്രികൾ - 3.78 ലക്ഷം രൂപ

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മേൽ ശീർഷകങ്ങളിലേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിലേക്ക് ചുവടെ ചേർക്കും പ്രകാരമുള്ള തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-74-05-2- 2 ലക്ഷം രൂപ

2210-02-101-74-05-3 - 10,000 രൂപ

2210-02-101-74-05-4- 50,000 രൂപ

2210-02-101-74-24 - 5 ലക്ഷം രൂപ

(ഖണ്ഡിക 67)

**സർക്കാർ സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി അധിക തുകയ്ക്കായി ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം അധിക തുക ലഭ്യമായിട്ടില്ല. മറ്റു ശീർഷകങ്ങളിലെ ഫണ്ട് അപര്യാപ്തമാകയാൽ, ധനപുനഃവിനിയോഗം വഴിയും അധിക തുക കണ്ടെത്താൻ സാധിച്ചില്ല.

2210-02-101-74-00-05-02-N-V, 2210-02-101-74-00-05-03-N-V, 2210-02-101-74-00-24-00-N-V എന്നീ ശീർഷകങ്ങളിൽ യഥാക്രമം 14,366-രൂപ, 1321/-രൂപ, 3,63,088/-രൂപ എന്നീ തുകകൾക്ക് അഡിഷണൽ ഓതറൈസേഷൻ പ്രപ്പോസൽ സമർപ്പിച്ചെങ്കിലും 29-10-2024 ലെ സ.ഉ (സാധാ)ഫിൻ 8054/2024/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 1) 2210-02-101-74-00-05-02-N-V-13,000/-രൂപ, 2) 2210-02-101-74-00-05-03-N-V-2,000/-രൂപ, 3) 2210-02-101-74-00-24-02-N-V- 3,63,000/-രൂപ എന്നിങ്ങനെ യഥാക്രം പ്രസ്തുത ശീർഷകങ്ങളിൽ അഡിഷണൽ ഓതറൈസേഷൻ മുഖാന്തിരം അനുവദിച്ചിരുന്നു . തുടർന്ന് 2210-02-101-74-00-05-02-N-V, 2210-02-101-74-00-05-03-N-V, 2210-02-101-74-00-24-00-NV എന്നീ ശീർഷകങ്ങളിൽ യഥാക്രമം 1,28,187/-രൂപ 1,962/-രൂപ, 6,20,996/-രൂപ എന്നീ തുകകൾ അഡീഷണൽ ഓതറൈസേഷൻ ആയി ആവശ്യപ്പെട്ടതിന് സ.ഉ (സാധാ)

നം. 9603/2024/ഫിൻ, തീയതി 28 -12-2024 ഉത്തരവ് പ്രകാരം ടി ശീർഷകങ്ങളിൽ താഴെ പറയുന്ന പ്രകാരം അഡിഷണൽ ഓതറൈസേഷൻ അനുവദിച്ചു. 1) 2210-02-101-74-00-05-02-N-V- Rs. 1,29,000/-രൂപ, 2) 2210-02-101-74-00-05-03-N-V -Rs. 2,000/-രൂപ, 3) 2210-02-101-74-00-24-00-N-V- Rs. 6,21,000/-രൂപ

ആയതിന് ശേഷവും, 05.02.2025 ലെ സ.ഉ (സാധാ) നം. 1093/2025/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 1) 2210-02-101-74-00-05-02-N-V-36,000/-രൂപ, 2) 2210-02-101-74-00-05-03-N-V-3,000/-രൂപ എന്നിങ്ങനെ അഡീഷണൽ ഓതറൈസേഷൻ മുഖാന്തിരം തുക അനുവദിക്കപ്പെട്ടു.

2024-25 സാമ്പത്തിക വർഷത്തിൽ ആകെ അഡീഷണൽ ഓതറൈസേഷൻ മുഖാന്തിരം താഴെ പറയും പ്രകാരം തുകകൾ ലഭ്യമായിട്ടുണ്ട്. (1) 2210-02-101-00-05-02-N-V- 1,78,000/- രൂപ, (2) 2210-02-101-74-00-05-03-N-V- Rs.7,000/-രൂപ, (3) 2210-02-101-74-00-24-00-N-V- Rs. 9,84,000/-രൂപ

2024-25 സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ 2210-02-101-74-00-05-02-N-V എന്ന ശീർഷകത്തിൽ 2,66,000/-രൂപ ലഭിച്ചതിൽ 2,65,782/-രൂപ ചെലവഴിക്കുകയും, 2210-02-101-74-00-03-NV ശീർഷകത്തിൽ 8,000/-രൂപ ലഭിക്കുകയും 7,789/-രൂപ ചെലവഴിക്കുകയും ചെയ്തു. 2210-02-101-74-00-24-00-N-V എന്ന ശീർഷകത്തിൽ 13,62,000/-രൂപ ലഭിക്കുകയും, ആയതിൽ 13,61,996 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2210-02-101-66 —**ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ നവീകരണവും, ആധുനികവൽക്കരണവും**

ബഡ്ജറ്റ് വിഹിതം : 21.08 കോടി രൂപ (പ്ലാൻ)

ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് അനുവദിച്ച ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.2029 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

**സർക്കാർ സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി അധിക തുകയ്ക്കായി ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം അധിക തുക ലഭ്യമായിട്ടില്ല. മറ്റു ശീർഷകങ്ങളിലെ ഫണ്ട് അപര്യാപ്തമാകയാൽ, ധനപുനഃവിനിയോഗം വഴിയും അധിക തുക കണ്ടെത്താൻ സാധിച്ചില്ല. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ (അച്ചടി) നം.76/2024/ധന തീയതി 31.08.2024 പ്രകാരം സർക്കാർ ഉത്തരവ് പറപ്പെടുവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ആയുഷ് വകുപ്പിന് കീഴിലെ ഓരോ വകുപ്പിന്റെയും ആകെ പ്ലാൻ പദ്ധതികൾ 50% ആക്കി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു. ആയതിന് ശേഷം ടി ശീർഷകത്തിൽ ലഭ്യമായ 1300.00 ലക്ഷം രൂപയിൽ 1297.15 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്

2210-02-101-65 —**ജീവനിയും പുനർനവയും**

ബഡ്ജറ്റ് വിഹിതം : 95 ലക്ഷം രൂപ (പ്ലാൻ)

ജീവനി (Diabetic Mellitus) പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കണ്ണൂർ ജില്ലകളിലേയും പുനർനവ (Strokes Management) പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു . പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

**സർക്കാർ സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി അധിക തുകയ്ക്കായി ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം അധിക തുക ലഭ്യമായിട്ടില്ല. മറ്റു ശീർഷകങ്ങളിലെ ഫണ്ട് അപര്യാപ്തമാകയാൽ, ധനപുനഃവിനിയോഗം വഴിയും അധിക തുക കണ്ടെത്താൻ സാധിച്ചില്ല. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി

വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ (അച്ചടി) നം.76/2024/ധന തീയതി 31.08.2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ആയുഷ് വകുപ്പിന് കീഴിലെ ഓരോ വകുപ്പിന്റെയും ആകെ പ്ലാൻ പദ്ധതികൾ 50% ആക്കി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന് ശേഷം ടി ശീർഷകത്തിൽ ലഭ്യമായ തുക 47.50 ലക്ഷം രൂപയായിരുന്നു. കൂടാതെ ഈ പദ്ധതിയിലെ ജീവനക്കാരുടെ വേതന കുടിശ്ശിക അനുവദിക്കുന്നതിനായി ധനവിനിയോഗ പരിധി ഉയർത്തണമെന്നഭ്യർത്ഥിച്ചതിനാൽ 19,94,002/-രൂപ കൂടി ലഭ്യമായപ്പോൾ 2210-02-101-65 എന്ന ശീർഷകത്തിൽ ആകെ 67.44.ലക്ഷം രൂപ ലഭ്യമാവുകയും, ആയതിൽ 66.41 ലക്ഷം രൂപ വിനിയോഗിക്കാൻ സാധിക്കുകയും ചെയ്തു.

2210-02-101-64 - <u>വിദ്യാലയ ആരോഗ്യ പദ്ധതികൾ</u>

ബഡ്ജറ്റ് വിഹിതം : 80 ലക്ഷം രൂപ (പ്ലാൻ)

യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിന് നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ <u>10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 70)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി അധിക തുകയ്ക്കായി ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം അധിക തുക ലഭ്യമായിട്ടില്ല. മറ്റു ശീർഷകങ്ങളിലെ ഫണ്ട് അപര്യാപ്തമാകയാൽ, ധനപുനഃവിനിയോഗം വഴിയും അധിക തുക കണ്ടെത്താൻ സാധിച്ചില്ല. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ (അച്ചടി) നം.76/2024/ധന തീയതി 31.08.2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ആയുഷ് വകുപ്പിന് കീഴിലെ ഓരോ വകുപ്പിന്റെയും ആകെ പ്ലാൻ പദ്ധതികൾ 50% ആക്കി നിജപ്പെടുത്തി ഉത്തരവ്

പുറപ്പെടുവിച്ചിരുന്നു. ആയതിന് ശേഷം ടി ശീർഷകത്തിൽ ലഭ്യമായ തുക 40.00 ലക്ഷം രൂപയായിരുന്നു. കൂടാതെ ടി പദ്ധതിയിലെ ജീവനക്കാരുടെ വേതന കുടിശ്ശിക അനുവദിക്കുന്നതിനായി ധനവിനിയോഗ പരിധി ഉയർത്തണമെന്യർത്ഥിച്ചതിനാൽ 17,31,741/-രൂപ കൂടി ലഭ്യമായപ്പോൾ 2210-02-101-64 എന്ന ശീർഷകത്തിൽ ആകെ 57.31 ലക്ഷം രൂപ ലഭ്യമാവുകയും, ആയതിൽ 56.11 ലക്ഷം രൂപ വിനിയോഗിക്കാൻ സാധിക്കുകയും ചെയ്തു.

**സംസ്ഥാന ഔഷധ സസ്യബോർഡ്**

2210-05-101-60 —**സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ്**

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ (പ്ലാൻ)

പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി 2024-25 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

**സർക്കാർ സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി അധിക തുകയ്ക്കായി ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം അധിക തുക ലഭ്യമായിട്ടില്ല. മറ്റു ശീർഷകങ്ങളിലെ ഫണ്ട് അപര്യാപ്തമാകയാൽ, ധനപുനഃവിനിയോഗം വഴിയും അധിക തുക കണ്ടെത്താൻ സാധിച്ചില്ല. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ (അച്ചടി) നം.76/2024/ധന തീയതി 31.08.2024 പ്രകാരം സർക്കാർ ഉത്തരവ് പറപ്പെടുവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ, ആയുഷ് വകുപ്പിന് കീഴിലെ ഓരോ വകുപ്പിന്റെയും ആകെ പ്ലാൻ പദ്ധതികൾ 50% ആക്കി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതിന് ശേഷം ടി ശീർഷകത്തിൽ ലഭ്യമായ തുക 15.00 ലക്ഷം

രൂപയായിരുന്നു. ആയതിൽ അനുവദിച്ച 6.00 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

2210-06-101-18 – ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള ദേശീയ ആയുഷ് ദൗത്യം (കേന്ദ്രാവിഷ്കൃതം 60:40)

2210-06-101-18-02 - ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള ദേശീയ ആയുഷ് ദൗത്യം(സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 15 കോടി രൂപ (പ്ലാൻ)

നാഷണൽ ആയുഷ് മിഷന്റെ കേന്ദ്ര വിഹിതത്തിലുള്ള വർദ്ധനയ്ക്ക് ആനുപാതികമായുള്ള സംസ്ഥാന വിഹിതം ഇനത്തിൽ നടപ്പ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 27.6 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-72)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക തുകയ്ക്കായി ഉപധനാഭ്യർത്ഥന വഴി ശിപാർശ സമർപ്പിച്ചിരുന്നു. ആയതിൽ 2210-06-101-18-01-ശീർഷകത്തിൽ 852.81 ലക്ഷം രൂപയും, 2210-06-101-18-02-ശീർഷകത്തിൽ 568.54 ലക്ഷം രൂപയും അനുവദിച്ചു. ടി സാമ്പത്തിക വർഷം ലഭ്യമായ മുഴുവൻ തുകയും പദ്ധതിയ്ക്കായി വിനിയോഗിക്കുകയും ചെയ്തു.

4210-02-103-94 –ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

ബഡ്ജറ്റ് പ്രൊപ്പോസലിൽ സമർപ്പിച്ച സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അധിക തുക ആവശ്യമാണ്. ആയതിനാൽ 21.776 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-73)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി അധിക തുകയ്ക്കായി ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം അധിക തുക ലഭ്യമായിട്ടില്ല. മറ്റു ശീർഷകങ്ങളിലെ ഫണ്ട് അപര്യാപ്തമാകയാൽ, ധനപുനഃവിനിയോഗം വഴിയും അധിക തുക കണ്ടെത്താൻ സാധിച്ചില്ല. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടപ്പിലാക്കിന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ (അച്ചടി) നം.76/2024/ധന തീയതി 31.08.2024 പ്രകാരം സർക്കാർ ഉത്തരവ് പറപ്പെടുവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ, ആയുഷ് വകുപ്പിന് കീഴിലെ ഓരോ വകുപ്പിന്റെയും ആകെ പ്ലാൻ പദ്ധതികൾ 50% ആക്കി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതിന് ശേഷം ടി ശീർഷകത്തിൽ ലഭ്യമായ തുക 83.60 ലക്ഷം രൂപയായിരുന്നു. പ്രസ്തുത തുക മുഴുവൻ വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ട്.

210-04-190-98 – **<u>കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം)</u>**

**<u>ഓഹരി മൂലധന വിഹിതം</u>**

ബഡ്ജറ്റ് വിഹിതം : 2.3 കോടി രൂപ (പ്ലാൻ)

പദ്ധതി നടത്തിപ്പിന് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിലേയ്ക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -74)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി അധിക തുകയ്ക്കായി ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം അധിക തുക ലഭ്യമായിട്ടില്ല. മറ്റു ശീർഷകങ്ങളിലെ ഫണ്ട് അപര്യാപ്തമാകയാൽ, ധനപുനഃവിനിയോഗം വഴിയും അധിക തുക കണ്ടെത്താൻ സാധിച്ചില്ല. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ

പുറപ്പെടുവിച്ച് സ.ഉ (അച്ചടി) നം.76/2024/ധന തീയതി 31.08.2024 പ്രകാരം സർക്കാർ ഉത്തരവ് പറപ്പെടുവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ, ആയുഷ് വകുപ്പിന് കീഴിലെ ഓരോ വകുപ്പിന്റെയും ആകെ പ്ലാൻ പദ്ധതികൾ 50% ആക്കി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിതിന് ശേഷം ടി ശീർഷകത്തിൽ ലഭ്യമായ തുക 75.00 ലക്ഷം രൂപയായിരുന്നു. പ്രസ്തുത തുക മുഴുവൻ വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ട്.

2210-02-001-98-06 –<u>ആയുർവ്വേദ ജില്ലാ മെഡിക്കൽ ആഫീസ് – വാടക, കരം, നികുതി</u>

ബഡ്ജറ്റ് വിഹിതം : 1.75 ലക്ഷം രൂപ (നോൺ പ്ലാൻ)

ഭാരതീയ ചികിത്സാ വകുപ്പിന്റെ പത്തനംതിട്ട, വയനാട് ജില്ലാ മെഡിക്കൽ ഓഫീസ് കെട്ടിടങ്ങളുടെ പ്രതിമാസ വാടക അടക്കേണ്ടതിനാൽ മേൽ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ <u>3.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -75)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി അധിക തുകയ്ക്കായി ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം അധിക തുക ലഭ്യമായിട്ടില്ല. മറ്റു ശീർഷകങ്ങളിലെ ഫണ്ട് അപര്യാപ്തമാകയാൽ, ധനപുനഃവിനിയോഗം വഴിയും അധിക തുക കണ്ടെത്താൻ സാധിച്ചില്ല. 2210-02-001-98-00-06-00-N-V ശീർഷകത്തിൽ 17,76,391/-രൂപ അഡിഷണൽ ഓതറൈസേഷൻ ആവശ്യപ്പെട്ടിരുന്നതിന് 22.06.2024 ലെ സ.ഉ (സാധാ) നം. 4948/2024/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ടി ശീർഷകത്തിൽ 5,29,000/- രൂപ അഡിഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചിരുന്നു. തുടർന്ന് 2210-02-001-98-00-06-00-N-V ശീർഷകത്തിൽ 3,15,532/-രൂപ അഡീഷണൽ ഓതറൈസേഷൻ ആവശ്യപ്പെട്ടതിന് 12.01.2025 ലെ സ.ഉ (സാധാ) നം.

336/2025/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ടി ശീർഷകത്തിൽ 2,92,000/- രൂപ അഡിഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചു . 2024-2025 സാമ്പത്തിക വർഷത്തിൽ 2210-02-001-98-00-06-00-NV എന്ന ശീർഷകത്തിൽ ആകെ 8,21,000/-രൂപ അഡിഷണൽ ഓതറൈസേഷൻ ആയി ലഭിച്ചിരുന്നു. പ്രസ്തുത ശീർഷകമായ 2210-02-001-98-00-06-00-NV എന്ന ശീർഷകത്തിൽ ആകെ 9,96,000/- രൂപ ലഭിച്ചതിൽ 9,94,660/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2210-02-191-50 –**മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള സഹായം – റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്**

ബഡ്ജറ്റ് വിഹിതം : 4.78 ലക്ഷം രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മേൽ ശീർഷകത്തിലേക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -76)

**സർക്കാർ സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി അധിക തുകയ്ക്കായി ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം അധിക തുക ലഭ്യമായിട്ടില്ല. മറ്റു ശീർഷകങ്ങളിലെ ഫണ്ട് അപര്യാപ്തമാകയാൽ, ധനപുനഃവിനിയോഗം വഴിയും അധിക തുക കണ്ടെത്താൻ സാധിച്ചില്ല.

2210-02-191-50-00-00-NV എന്ന ശീർഷകത്തിൽ 1,69,070/-രൂപ അഡീഷണൽ ഓതറൈസേഷൻ ആവശ്യപ്പെട്ടതിൽ 24.02.2025-ലെ സ .ഉ (സാധാ) നം. 1790/2025/ഫിൻ ഉത്തരവ് പ്രകാരം 1,70,000/-രൂപ അനുവദിച്ചു. 2024-2025 സാമ്പത്തിക വർഷത്തിൽ 2210-02-191-50-00-00-N-V എന്ന ശീർഷകത്തിൽ 6,48,000/-രൂപ ലഭ്യമായതിൽ 6,45,401/-ചെലവഴിച്ചിരുന്നു.

2210-02-192-50 – **മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കുമുള്ള സഹായം – റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്.**

ബഡ്ജറ്റ് വിഹിതം : 50.78 ലക്ഷം രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിലേയ്ക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ പ്രസ്തുത ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

**സർക്കാർ സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ അധിക തുകയ്ക്കായി ഉപധനാഭ്യർത്ഥന വഴി തുക അനുവദിക്കുന്നതിന് ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം അധിക തുക ലഭ്യമായിട്ടില്ല. മറ്റു ശീർഷകങ്ങളിലെ ഫണ്ട് അപര്യാപ്തമാകയാൽ , ധനപുനഃവിനിയോഗം വഴിയും അധിക തുക കണ്ടെത്താൻ സാധിച്ചില്ല.

2210-02-192-50-00-00-N-V എന്ന ശീർഷകത്തിൽ 4,46,143/-രൂപ അഡീഷണൽ ഓതറൈസേഷനായി ആവശ്യപ്പെട്ടിരുന്നതിന് 15.11.2024 ലെ സ .ഉ (സാധാ) നം. 8455/2024/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ടി ശീർഷകത്തിൽ 3,85,000/-രൂപ അനുവദിച്ചിരുന്നു. ആയതിന് ശേഷവും 2210-02-192-50-00-00-N-V ശീർഷകത്തിൽ 11,99,176/-രൂപ അഡിഷണൽ ഓതറൈസേഷൻ ആയി ആവശ്യപ്പെട്ടതിന് 24.12.2024 ലെ സ.ഉ. (സാധാ) നം. 9535/2024/ഫിൻ ഉത്തരവ് പ്രകാരം 11,75,000/- രൂപ അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ വീണ്ടും അഡീഷണൽ ഓതറൈസേഷൻ മുഖാന്തിരം 21,88,511/-രൂപ ആവശ്യപ്പെട്ടതിന് 24.02.2025 ലെ സ .ഉ.(സാധാ)നം. 1790/2025/ഫിൻ ഉത്തരവ് പ്രകാരം 21,89,000/-രൂപ അനുവദിച്ചു. അങ്ങനെ 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ ടി ശീർഷകത്തിൽ 37,49,000/-രൂപ അഡിഷണൽ ഓതറൈസേഷനായി ലഭിച്ചിട്ടുണ്ട്.

2210-02-192-50-00-00-NV എന്ന ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷം ആകെ 88,27,000/-രൂപ ലഭ്യമായതിൽ 88,24,104/-രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

2210-02-196-50 – ജില്ലാ പരിഷത്തുകൾ/ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം – റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 75.39 ലക്ഷം രൂപ (നോൺ പ്ലാൻ)

